07
2025
മെയ്
ബുധൻ
മേടം 24

NAUTICAL TIMES
KERALA
The National Daily in Malayalam / English
നോട്ടിക്കൽ ടൈംസ്
കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം | Thiruvananthapuram | web: www. nauticaltimesmedia.com | Volume-6, Issue No.132 Page 4, | Price: Rs. 2 | പുസ്തകം-6 ലക്കം-132 | പേജ് 4. വില 2.00 രൂപ




02 പ്ലസ് വൺ പ്രവേശനത്തിന് മാർജിനൽ സീറ്റ് വർദ്ധനവ് അനുവദിക്കും : മന്ത്രി

03 കേന്ദ്രമന്ത്രിമാരായിരുന്ന 19 പേരുടെ സുരക്ഷ ഒഴിവാക്കി; സ്മൃതി ഇറാനിക്ക് തുടരും

04 സിവിൽ ഡിഫൻസ് മോക്ക് ഡ്രിൽ നടത്തും

# കൊട്ടിക്കയറി ആവേശം; പൂരങ്ങളുടെ പൂരം കൊടിയേറി



തൃശൂർ: പാരമ്പര്യപ്പെരുമയുടെ പൂരാവേശത്തിന് ശക്തന്റെ മണ്ണായ തൃശ്ശിവപേരൂരിൽ തിരിതെളിഞ്ഞു. പുലർച്ചെ കണിമംഗലം ശാസ്താവ് തെക്കേഗോപുരനടവഴി വടക്കുന്നാഥന്റെ മണ്ണിൽ കാലുകുത്തിയതോടെ ഇരവു പകലാകുന്ന ജനസാഗരത്തിലേക്കു പൂരം ലയിച്ചു.

രാവിലെ ഏഴിനുതന്നെ ദേശത്തെ ആനന്ദത്തിൽ ആറാടിച്ച് നടപ്പാണ്ടിയുടെ അകന്പടിയിൽ അന്പാടിക്കണ്ണന്റെ കോലത്തിൽ തിരുവന്പാടി ഭഗവതി എഴുന്നള്ളി. ഭഗവതി നായ്ക്കനാലിലെ പന്തലിലെത്തി പറയെടുപ്പു പൂർത്തിയാക്കി നടുവിൽമഠത്തിലേക്കു യാത്രയായി.പിന്നാലെ വിവിധ ഘടക പൂരങ്ങൾ എഴുന്നള്ളിത്തുടങ്ങി. ദേശക്കാരുടെയും താളമേളങ്ങളുടെയും അകന്പടിയിൽ ശ്രീമൂലസ്ഥാനത്തേക്കു ഘടകപൂരങ്ങൾ കയറിയതോടെ പാണ്ടിയുടെ താളത്തിൽ പൂരം കൊടുന്പിരികൊണ്ടു. ചെമ്പൂക്കാവ് ഭഗവതിയുടെ തിടമ്പേറ്റി സാക്ഷാൽ തെച്ചിക്കോട്ടുകാവ് രാമചന്ദ്രൻ എഴുന്നള്ളിയതോടെ പൂരപ്രേമികളുടെ ആവേശം വാനോളമായി.

തുടർന്ന് ഇറക്കിപൂജയ്ക്കുശേഷം രാവിലെ പതിനൊന്നോടെ പ്രസിദ്ധമായ മഠത്തിൽവരവ് നടന്നു. പന്ത്രണ്ടരയോടെ പാറമേക്കാവ് ഭഗവതി പൂരത്തിനായി പുറപ്പെടും. രണ്ടുമണിയോടെയാണ് ഇലഞ്ഞിത്തറ മേളം.വൈകുന്നേരം നാലരയോടെ മേളം കലാശിച്ച് പാറമേക്കാവ് ഭഗവതിയുടെ തെക്കോട്ടിറക്കം. പാണ്ടിയുടെ അകന്പടിയിൽ അങ്ങാടി കണ്ടു മടങ്ങി സ്വരാജ് റൗണ്ടിൽ അണിനിരക്കുന്പോൾ കുടമാറ്റത്തിന് ദേവിക്കു പഞ്ചാരി താളം.

പാറമേക്കാവ് തെക്കേനട കടക്കുന്നതോടെ ശ്രീമൂലസ്ഥാനത്ത് മേളം കലാശിച്ച് തിരുവന്പാടി ഭഗവതി വടക്കുന്നാഥ ക്ഷേത്രത്തിനകത്തു പ്രവേശിച്ച് തെക്കേഗോപുരനട കടന്ന് പാറമേക്കാവിന് അഭിമുഖമായി അണിനിരക്കുന്പോൾ സമയം അഞ്ചരയാകും. കുടമാറ്റസമയത്ത് തിരുവന്പാടിക്കു പാണ്ടിമേളമാണ്.

കുടമാറ്റത്തിനുശേഷം രാത്രി വീണ്ടും എഴുന്നള്ളിപ്പുകളുടെയും ചടങ്ങുകളുടെയും ആവർത്തനം. തിരുവന്പാടി, പാറമേക്കാവ് ഭഗവതിമാർ രാത്രിയിൽ എഴുന്നള്ളുന്പോൾ പാറമേക്കാവിനു പഞ്ചവാദ്യമാണ് അകന്പടിയാകുക. ചോറ്റാനിക്കര നന്ദപ്പൻ മാരാർ നേതൃത്വം നല്കും.

തിരുവന്പാടി നായ്ക്കനാലിലെ പന്തലിലും പാറമേക്കാവ് സ്വരാജ് റൗണ്ടിലൂടെ മണികണ്ഠനാലിലെ പന്തലിലും എത്തി ഒരാനപ്പുറത്ത് നിലയുറപ്പിക്കും. പുലർച്ചെ മൂന്നിന് ഇരുദേശങ്ങളുടെയും വെടിക്കെട്ടിനുശേഷം രാവിലെ ഏഴരയോടെ പകൽപ്പൂരം. എഴുന്നള്ളിപ്പ് ശ്രീമൂലസ്ഥാനത്തെത്തി പാണ്ടിമേളങ്ങൾ കലാശിച്ച് ഉച്ചയ്ക്ക് ഒന്നിന് ഉപചാരം ചൊല്ലി പിരിയൽ. വെടിക്കെട്ടിനുശേഷം പൂരത്തിനു സമാപനമാകും.

## ഡൽഹിയിൽ തിരക്കിട്ട ചർച്ചകൾ; കെപിസിസി പ്രസിഡന്റ് പ്രഖ്യാപനം ഇന്ന്

ന്യൂഡൽഹി : സംസ്ഥാന കോൺഗ്രസിന്റെ നേതൃമാറ്റവുമായി ബന്ധപ്പെട്ട് ഡൽഹിയിൽ തിരക്കിട്ട ചർച്ചകൾ. കെപിസിസി പ്രസിഡന്റിനെ സംബന്ധിച്ച് അനൗദ്യോഗിക ചർച്ചകളാണ് നടക്കുന്നത്. കെ.സുധാകരനെ നിലനിർത്തുമോ പകരം പുതിയ ആളെ സംസ്ഥാന അധ്യക്ഷ പദവിയിലേക്ക് നിയമിക്കുമോയെന്ന ആകാംക്ഷയിലാണ് കോൺഗ്രസ് പ്രവർത്തകർ.

ജാർഖണ്ഡിൽ പൊതുപരിപാടിയിൽ പങ്കെടുത്ത ശേഷം ഡൽഹിയിൽ തിരിച്ചെത്തിയ എഐസിസി അധ്യക്ഷൻ മല്ലികാർജുൻ ഖർഗെയും എഐസിസി ജനറൽ സെക്രട്ടറി കെ.സി.വേണുഗോപാലും എഐസിസി പ്രവർത്തക സമിതി അംഗം രമേശ് ചെന്നിത്തലയും നിർണായക യോഗത്തിൽ പങ്കെടുക്കുന്നുണ്ടെന്നാണ് റിപ്പോർട്ട്. ഇന്നു തന്നെ കെപിസിസി പ്രസിഡന്റിനെ പ്രഖ്യാപിച്ചേക്കുമെന്നു സൂചനകൾ ഉണ്ടായിരുന്നെങ്കിലും രാത്രി വൈകിയും തീരുമാനമുണ്ടായില്ല. ആന്റോ ആന്റണി ഉൾപ്പെടുയുള്ളവരുടെ പേരുകളും അധ്യക്ഷ പദവിയിലേക്ക് ഉയരുന്നുണ്ട്

# ഗവർണർക്കെതിരായ ഹർജി പിൻവലിക്കാൻ കേരളം

## എതിർത്ത് കേന്ദ്രം

ന്യൂഡൽഹി: ബില്ലുകളിൽ തീരുമാനമെടുക്കാൻ വൈകുന്നതിൽ ഗവർണർക്കെതിരെ നൽകിയ ഹർജി പിൻവലിക്കാൻ കേരളം സുപ്രീംകോടതിയുടെ അനുമതി തേടി. നിലവിൽ ഗവർണറുടെ പരിഗണനയിൽ ബില്ലുകൾ ഇല്ലെന്നും അതിനാൽ തങ്ങളുടെ ഹർജി അപ്രസക്തമായെന്നുമായിരുന്നു കേരളത്തിന്റെ വാദം.

ഹർജി പിൻവലിക്കുന്നതിനെ കേന്ദ്രം എതിർത്തു. ഹർജികൾ ചൊവ്വാഴ്ച പരിഗണിക്കാനായി മാറ്റി. നിയമസഭ പാസാക്കിയ ബില്ലുകളിൽ തീരുമാനം വൈകുന്നതിനെതിരേ കേരളം സുപ്രീംകോടതിയിൽ രണ്ട് ഹർജികളാണ് ഫയൽ ചെയ്തിട്ടുള്ളത്. ഇതിൽ ഗവർണർക്കെതിരായ ആദ്യ ഹർജിയാണ് പിൻവലിക്കാൻ അനുമതി തേടിയത്.

ഗവർണർ ബില്ലുകൾ രാഷ്ട്രപതിയുടെ പരിഗണനയ്ക്ക് അയച്ചത് ചോദ്യം ചെയ്താണ് രണ്ടാമത്തെ ഹർജി. ഈ ഹർജി നിലനിൽക്കുമെന്നും കേരളം കോടതിയെ അറിയിച്ചു.

എന്നാൽ ഇങ്ങനെ നിസാരമായി ഹർജികൾ ഫയൽ ചെയ്യാനും പിൻവലിക്കാനും സാധിക്കില്ലെന്നും ഇത് ഭരണഘടനാപരമായ പ്രശ്നമാണെന്നും സോളിസിറ്റർ ജനറൽ തുഷാർ മേത്ത കോടതിയിൽ എതിർപ്പറിയിച്ചു. കേരളത്തിന്റെ ഹർജിയിൽ സുപ്രധാനമായ ചില വിഷയങ്ങളുണ്ടെന്നും അതിനാൽ അതിൽ വിശദമായ വാദം കേൾക്കണമെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

എന്നാൽ ഹർജി പിൻവലിക്കാനുള്ള അവകാശം ഹർജിക്കാർക്കാണുള്ളതെന്ന് കേരളത്തിന്റെ സീനിയർ അഭിഭാഷകൻ കെ.കെ. വേണുഗോപാൽ കോടതിയിൽ പറഞ്ഞു. നിയമസഭ പാസാക്കിയ ബില്ലുകളിൽ മൂന്നുമാസത്തിനകം ഗവർണർ തീരുമാനമെടുക്കണമെന്ന് തമിഴ്നാട് നൽകിയ ഹർജിയിൽ കഴിഞ്ഞ ദിവസം സുപ്രീംകോടതി ഉത്തരവിട്ടിരുന്നു. ഈ വിധി ബാധകമാകുമെന്നുമാണ് കേരളത്തിന്റെ വാദം.

## എ. രാജയ്ക്ക് എംഎൽഎയായി തുടരാം; ഹൈക്കോടതി ഉത്തരവ് റദ്ദാക്കി

ന്യൂഡൽഹി: ദേവികുളം തെരഞ്ഞെടുപ്പ് കേസിൽ എ. രാജയ്ക്ക് വിജയം. രാജയ്ക്ക് എംഎൽഎയായി തുടരാമെന്ന് സുപ്രീം കോടതി വ്യക്തമാക്കി. രാജയുടെ തെരഞ്ഞെടുപ്പ് വിജയം അസാധുവാക്കിയ ഹൈക്കോടതി വിധിയും സുപ്രീം കോടതി റദ്ദാക്കി.

ജസ്റ്റീസ് എ. അമാനത്തുള്ള, ജസ്റ്റീസ് പി.കെ. മിശ്ര എന്നിവരടങ്ങിയ ബെഞ്ചിൻറേതാണ് വിധി. രാജയ്ക്ക് പട്ടിക വിഭാഗം സീറ്റിൽ മത്സരിക്കാൻ അർഹതയുണ്ടെന്നും എംഎൽഎ എന്ന നിലയിൽ ഇതുവരെയുള്ള എല്ലാ അനുകൂല്യങ്ങളും രാജയ്ക്ക് നൽകണമെന്നും കോടതി ഉത്തരവിട്ടു. പട്ടികജാതി വിഭാഗങ്ങൾക്ക് സംവരണം ചെയ്ത മണ്ഡലത്തിൽ മത്സരിക്കാൻ യോഗ്യതയില്ലെന്ന് വിലയിരുത്തി ഹൈക്കോടതി 2023 മാർച്ചിൽ രാജയുടെ നിയമസഭാംഗത്വം റദ്ദാക്കിയിരുന്നു. നേരത്തെ ഹൈക്കോടതി വിധിക്കെതിരെ സുപ്രീം കോടതി ഇടക്കാല സ്റ്റേ നൽകിയിരുന്നു.

## നിയന്ത്രണ രേഖയ്ക്കു സമീപത്ത് നിന്ന് പാക് പൗരനെ പിടികൂടി ഇന്ത്യൻ സൈന്യം

ശ്രീനഗർ: അതിർത്തിയിൽ വർധിച്ചുവരുന്ന സംഘർഷങ്ങൾക്കിടയിൽ, ജമ്മു കാഷ്മീരിലെ പൂഞ്ച് സെക്ടറിലെ നിയന്ത്രണ രേഖയിൽ ഒരു പാക്കിസ്ഥാൻ പൗരനെ ഇന്ത്യൻ സൈന്യം കസ്റ്റഡിയിലെടുത്തു.പാക് സൈനികനാണ് ഇയാളെന്നാണ് സൂചന. ഒരാളെ കസ്റ്റഡിൽ എടുത്തതായി സൈന്യം സ്ഥിരീകരിച്ചിട്ടുണ്ടെന്ന് ദേശീയ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു. കഴിഞ്ഞ ദിവസം രാജസ്ഥാനിലെ ഇന്ത്യ-പാക് അതിർത്തിക്ക് സമീപം നിന്ന് ഒരു പാക് സൈനികനെ ബിഎസ്എഫ് അറസ്റ്റ് ചെയ്തിരുന്നു.ഏപ്രിൽ 22 ന് പഹൽഗാമിൽ 26 പേർ കൊല്ലപ്പെട്ട ഭീകരാക്രമണത്തെത്തുടർന്ന് ഇന്ത്യയും പാക്കിസ്ഥാനും തമ്മിലുള്ള സംഘർഷം വർധിച്ച സാഹചര്യത്തിലാണ് അറസ്റ്റ്.

## സിബിഐ ഡയറക്ടറുടെ നിയമനം; കേന്ദ്രം നിർദേശിച്ച പേരുകൾ എതിർത്ത് രാഹുൽ

ന്യൂഡൽഹി: സിബിഐ ഡയറക്ടർ സ്ഥാനത്തേക്ക് കേന്ദ്ര സർക്കാർ നിർദേശിച്ച പേരുകൾ എതിർത്ത് പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി. പ്രധാനമന്ത്രി നരേന്ദ്ര മോദിയും രാഹുൽ ഗാന്ധിയും ചീഫ് ജസ്റ്റീസ് സഞ്ജീവ് ഖന്നയും പങ്കെടുത്ത യോഗത്തിൽ ഒറ്റ പേരിലേക്ക് എത്താനായില്ല.

ഇതേ തുടർന്ന് നിലവിലെ ഡയറക്ടറുടെ കാലാവധി സർക്കാർ നീട്ടി നൽകിയേക്കും. ഒരു വർഷത്തേക്ക് കൂടിയാണ് നിലവിലെ ഡയറക്ടർ പ്രവീൺ സൂദിന്റെ കാലാവധി നീട്ടി നൽകുക. പ്രവീൺ സൂദിന്റെ രണ്ട് വർഷത്തെ കാലാവധി 25ന് തീരാനിരിക്കെയാണ് സെലക്ഷൻ പാനൽ യോഗം ചേർന്നത്.

## പത്താം ക്ലാസുകാരനെ കാറിടിപ്പിച്ച് കൊലപ്പെടുത്തിയ കേസ്: പ്രതിക്ക് ജീവപര്യന്തം തടവും 10 ലക്ഷം രൂപ പിഴയും



തിരുവനന്തപുരം: കാട്ടാക്കടയിൽ പത്താം ക്ലാസുകാരൻ ആദിശേഖറിനെ (15) കാറിടിപ്പിച്ചു കൊലപ്പെടുത്തിയ കേസിൽ പ്രതി പൂവച്ചൽ സ്വദേശി പ്രിയരഞ്ജന് ജീവപര്യന്തം തടവും 10 ലക്ഷം രൂപ പിഴയും ശിക്ഷ വിധിച്ച് കോടതി. പിഴത്തുക കുട്ടിയുടെ മാതാപിതാക്കൾക്ക് നൽകാനും തിരുവനന്തപുരം ആറാം അഡീഷണൽ കോടതി നിർദേശിച്ചു. പ്രതി കുറ്റക്കാരനാണെന്ന് രാവിലെ കോടതി കണ്ടെത്തിയിരുന്നു.

2023 ഓഗസ്റ്റ് 30ന് വീടിനു സമീപമുള്ള ക്ഷേത്ര മൈതാനത്ത് കളിച്ച ശേഷം മടങ്ങുകയായിരുന്ന ആദിശേഖറിനെ വ്യക്തിവൈരാഗ്യത്തിന്റെ പേരിൽ പ്രിയരഞ്ജൻ കാറിടിപ്പിച്ചു കൊലപ്പെടുത്തിയെന്നാണ് കേസ്. അപകടമെന്ന നിലയിൽ മനഃപൂർവമല്ലാത്ത നരഹത്യക്കുറ്റം ചുമത്തിയാണ് ആദ്യം പോലീസ് കേസെടുത്തത്. എന്നാൽ സംഭവത്തിന്റെ സിസിടിവി ദൃശ്യം പുറത്തുവന്നത് കേസിൽ നിർണായക തെളിവായി.പ്രിയരഞ്ജൻ കാറിലിരിക്കുന്നതും ആദിശേഖർ സൈക്കിളിൽ കയറിയ ഉടൻ കാറോടിച്ചു കയറ്റി കൊലപ്പെടുത്തുന്നതും ദൃശ്യങ്ങളിൽ വ്യക്തമായി. തുടർന്ന് നടത്തിയ അന്വേഷണത്തിലാണ് പ്രതിക്ക് ആദിശേഖറിനോട് മുൻവൈരാഗ്യം ഉണ്ടായിരുന്നതായി തെളിഞ്ഞത്.പ്രതി ക്ഷേത്ര മതിലിൽ മൂത്രമൊഴിച്ചത് ആദിശേഖർ ചോദ്യം ചെയ്തതിലുള്ള പകയാണ് കൊലപാതകത്തിലേക്ക് നയിച്ചത്. സംഭവശേഷം ഒളിവിൽ പോയ പ്രിയരഞ്ജനെ തമിഴ്നാട്ടിൽ നിന്നാണ് പോലീസ് പിടികൂടിയത്.



# പ്ലസ് വൺ പ്രവേശനത്തിന് മാർജിനൽ സീറ്റ് വർദ്ധനവ് അനുവദിക്കും : മന്ത്രി വി ശിവൻകുട്ടി

2025– 26 അധ്യയനവർഷം പ്ലസ് വൺ പ്രവേശനം കുറ്റമറ്റതാക്കുന്നതിനും ഉപരി പഠനത്തിന് യോഗ്യത നേടിയ എല്ലാ വിദ്യാർത്ഥികളുടേയും പ്രവേശനം ഉറപ്പാക്കുന്നതിനും അലോട്ട്മെന്റ് പ്രക്രിയയുടെ ആരംഭത്തിൽ തന്നെ സർക്കാരിന് അധിക സാമ്പത്തിക ബാധ്യത ഉണ്ടാകാത്ത വിധത്തിൽ മാർജിനൽ സീറ്റ് വർദ്ധനവ് അനുവദിക്കുമെന്ന് വിദ്യാഭ്യാസ മന്ത്രി വി ശിവൻകുട്ടി വാർത്താസമ്മേളനത്തിൽ അറിയിച്ചു.

തിരുവനന്തപുരം, പാലക്കാട്, കോഴിക്കോട്, മലപ്പുറം, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ഏഴ് ജില്ലകളിലെ എല്ലാ സർക്കാർ സ്കൂളുകളിൽ 30 ശതമാനവും എല്ലാ എയ്ഡഡ് സ്കൂളികളിൽ 20 ശതമാനവും മാർജിനൽ സീറ്റ് വർദ്ധനവാണ് അനുവദിക്കുക. ഇതിനുപരിയായി ആവശ്യപ്പെടുന്ന എയ്ഡഡ് സ്കൂളുകൾക്ക് 10 ശതമാനം കൂടി മാർജിനൽ സീറ്റ് വർദ്ധപ്പിക്കുന്നതിന് അനുമതി നൽകും. കൊല്ലം, എറണാകുളം, തൃശ്ശൂർ എന്നീ മൂന്ന് ജില്ലകളിലെ എല്ലാ സർക്കാർ, എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ 20 ശതമാനവും ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ, ചേർത്തല താലൂക്കുകളിലെ എല്ലാ സർക്കാർ, എയ്ഡഡ് ഹയർസെക്കണ്ടറി സ്കൂളുകളിൽ 20 ശതമാനവുമാണ് മാർജിനൽ സീറ്റ് വർദ്ധനവ്. പത്തനംതിട്ട, കോട്ടയം, ഇടുക്കി എന്നീ ജില്ലകളിൽ മാർജിനൽ സീറ്റ് വർദ്ധനവ് ഇല്ല.

2022 – 23 അധ്യയന വർഷം താൽക്കാലികമായി അനുവദിച്ച 77 ബാച്ചുകളും ഷിഫ്റ്റ് ചെയ്ത 4 ബാച്ചുകളും കൂടി ചേർന്ന 81 ബാച്ചുകളും 2023 – 24 അധ്യയന വർഷം താൽക്കാലികമായി അനുവദിച്ച 97 ബാച്ചുകളും ഷിഫ്റ്റ് ചെയ്ത 14 ബാച്ചുകളും കൂടി 111 ബാച്ചുകളും 2024 – 25 അധ്യയന വർഷം താൽക്കാലികമായി അനുവദിച്ച 138 ബാച്ചുകളും ഈ വർഷം കൂടി തുടരും.

അറുപത്തി നാലായിരത്തി നാൽപത് സീറ്റുകളാണ് മാർജിനൽ സീറ്റ് വർദ്ധനവിലൂടെ ലഭ്യമാകുന്ന ആകെ സീറ്റുകൾ. പതിനേഴായിരത്തി ഇരുന്നൂറ്റി തൊണ്ണൂറ് സീറ്റുകളാണ് താൽക്കാലിക ബാച്ചുകളിലൂടെ ലഭ്യമാകുക. എൺപത്തിയൊന്നായിരത്തി മുന്നൂറ്റി മുപ്പത് സീറ്റുകളാണ് ആകെ ലഭിക്കുക.

സംസ്ഥാന തലത്തിൽ പ്ലസ്വൺ പ്രവേശനത്തിന് ഹയർസെക്കണ്ടറി മേഖലയിൽ 4,41,887 സീറ്റുകളും വൊക്കേഷണൽ ഹയർസെക്കണ്ടറി മേഖലയിൽ 33,030 സീറ്റുകളും ചേർന്ന് പ്ലസ് വൺ പഠനത്തിന് ആകെ 4,74,917 സീറ്റുകളാണുള്ളത്. ഇതിനു പുറമേ ഐ.റ്റി.ഐ മേഖലയിൽ 61,429 സീറ്റുകളും പോളിടെക്നിക്ക് മേഖലയിൽ 9,990 സീറ്റുകളും ഉപരിപഠനത്തിന് ലഭ്യമാണ്.

എല്ലാ മേഖലകളിലുമായി ഉപരിപഠനത്തിന് ആകെ 5,46,336 സീറ്റുകളുണ്ടെന്നും മന്ത്രി അറിയിച്ചു.



സംസ്ഥാനത്തെ പൊതു വിദ്യാഭ്യാസ മേഖലയിലെ വിദ്യാലയങ്ങളിൽ പ്രവൃത്തി ദിനങ്ങൾ സംബന്ധിച്ച് പഠിക്കുന്നതിനായി സർക്കാർ രൂപീകരിച്ച വിദഗ്ധ സമിതി വിദ്യാഭ്യാസ മന്ത്രി വി ശിവൻകുട്ടിക്ക് റിപ്പോർട്ട് കൈമാറുന്നു

# വിദഗ്ധ സമിതിയുടെ റിപ്പോർട്ട് പരിശോധിച്ച് പ്രവൃത്തി ദിനങ്ങളിൽ തീരുമാനമെടുക്കും: മന്ത്രി വി ശിവൻകുട്ടി

സംസ്ഥാനത്തെ പൊതു വിദ്യാഭ്യാസ മേഖലയിലെ വിദ്യാലയങ്ങളിൽ പ്രവൃത്തി ദിനങ്ങൾ സംബന്ധിച്ച് പഠിക്കുന്നതിനായി ബഹുമാനപ്പെട്ട കേരള ഹൈക്കോടതി നിർദ്ദേശം അനുസരിച്ച് നിയോഗിച്ച അഞ്ചംഗ വിദഗ്ധ സമിതിയുടെ റിപ്പോർട്ട് പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുമെന്ന് പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി വി ശിവൻ കുട്ടി പറഞ്ഞു. സർക്കാർ 2025 ജനുവരി 30 നാണ് സമിതിയെ നിയോഗിച്ചത്. ഈ സമിതി വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട അധ്യാപകർ, വിദ്യാർഥികൾ, രക്ഷിതാക്കൾ, സ്കൂൾ കൗൺസിലേഴ്സ് തുടങ്ങിയവരുമായി ആശയ വിനിമയം നടത്തി സമയബന്ധിതമായി റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചു.ഈ റിപ്പോർട്ട് സർക്കാർ വിശദമായി പരിശോധിച്ചതിനു ശേഷം വരുന്ന അക്കാദമിക വർഷംതന്നെ നടപ്പിലാക്കുന്ന കാര്യം ആലോചിക്കും. എസ്.സി.ഇ.ആർ.ടി. യുടെ നേതൃത്വത്തിൽ കേരള കേന്ദ്ര സർവകലാശാല വിദ്യാഭ്യാസ വിഭാഗം മേധാവി പ്രൊഫസർ വി പി ജോഷിത്, അഡോളസെന്റ് ആൻഡ് മെന്റൽ ഹെൽത്ത് സ്റ്റേറ്റ് നോഡൽ ഓഫീസർ ഡോ. അമർ എസ് ഫെറ്റിൽ, തിരുവനന്തപുരം മെഡിക്കൽ കോളേജിലെ പ്രൊഫസർ ഡോ. ദീപ ഭാസ്കരൻ, കൈറ്റിലെ സീനിയർ കൺസൾട്ടന്റ് ഡോ. പി കെ ജയരാജ്, എസ് സി ഇ ആർ ടി മുൻ റിസർച്ച് ഓഫീസർ ഡോ. എൻ പി നാരായണനുണ്ണി എന്നിവരാണ് സമിതി അംഗങ്ങൾ.

# സമഗ്ര ശിക്ഷാ കേരളത്തിന്റെ നേതൃത്വത്തിൽ 210 നൈപുണി പരിശീലന കേന്ദ്രങ്ങൾ

സംസ്ഥാനത്തെ യുവജനങ്ങളുടെ തൊഴിൽ നൈപുണി വികസിപ്പിക്കുന്നതിനും അവരെ ആധുനിക തൊഴിൽ മേഖലകളിൽ തൊഴിൽ സജ്ജരാക്കുന്നതിനുമായി പൊതുവിദ്യാഭ്യാസ വകുപ്പ് സമഗ്ര ശിക്ഷാ കേരളത്തിന്റെ നേതൃത്വത്തിൽ സ്കിൽ ഡെവലപ്മെന്റ് സെന്ററുകളുടെ ഒരു ശൃംഖല ആരംഭിക്കുമെന്ന് പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി വി ശിവൻകുട്ടി തിരുവനന്തപുരത്ത് വാർത്താസമ്മേളനത്തിൽ അറിയിച്ചു.

സ്റ്റാർസ് പദ്ധതിയിൽ ഉൾപ്പെടുത്തി 210 സ്കിൽ ഡെവലപ്മെന്റ് സെന്ററുകളുടെ പ്രവർത്തനം സംബന്ധിച്ച പ്രോസ്പെക്ടസ് പ്രകാശനം ചെയ്തു. 210 എസ് ഡി സി കളിലായി 420 നൈപുണി പരിശീലന ബാച്ചുകളാണ് ആരംഭിക്കുന്നത്. ഓരോ ബാച്ചിലും 25 പേർക്ക് പ്രവേശനം ലഭിക്കും. ഇങ്ങനെ ആദ്യ ബാച്ചിൽ തന്നെ പതിനായിരത്തി അഞ്ഞൂറ് പേർക്ക് നേരിട്ട് തൊഴിൽ ലഭിക്കാനുതകുന്ന കോഴ്സുകളാണ് ആരംഭിക്കുന്നത്. പരമ്പരാഗത തൊഴിൽ കോഴ്സുകളിൽ നിന്ന് വിഭിന്നമായി തികച്ചും ആധുനികമായ തൊഴിൽ മേഖലകളെ പ്രതിനിധീകരിക്കുന്ന കോഴ്സുകളാണ് എസ് ഡി സി കളിൽ നൽകുന്നത്. ദേശീയ യോഗ്യതാ രജിസ്റ്ററിൽ ഉൾപ്പെടുത്തിയ കോഴ്സുകളാകയാൽ കേന്ദ്ര സർക്കാർ അംഗീകൃത സർട്ടിഫിക്കറ്റുകളാകും പരിശീലന ശേഷം ലഭിക്കുക. ഓരോ സ്കിൽ ഡെവലപ്മെന്റ് സെന്ററിനും പരിശീലനത്തിനും ഉപകരണങ്ങൾക്കുമായി ഇരുപത്തിയൊന്ന് ലക്ഷത്തി അമ്പതിനായിരം രൂപ വീതം ആകെ നാൽപത്തിയഞ്ച് കോടിയിൽപരം രൂപ ഇതിനായി നൽകിയിട്ടുണ്ട്.

മേയ് 8 മുതൽ 210 സ്കിൽ ഡെവലപ്മെന്റ് സെന്ററുകളിൽ നിന്നും അപേക്ഷാ ഫോറം സൗജന്യമായി ലഭിക്കും. സമഗ്ര ശിക്ഷാ കേരളത്തിന്റെ വെബ്സൈറ്റിൽ നിന്ന് ഡൗൺലോഡ് ചെയ്ത അപേക്ഷകളും ഉപയോഗിക്കാവുന്നതാണ്. പൂരിപ്പിച്ച അപേക്ഷകൾ ആവശ്യമായ രേഖകളുടെ പകർപ്പുകൾ സഹിതം മേയ് 15 വരെ എസ് ഡി സികളിൽ സമർപ്പിക്കാം. മേയ് 16, 17 തീയതികളിൽ ഇന്റർവ്യൂ നടത്തി. 21ന് പരിശീലന ക്ലാസുകൾ ആരംഭിക്കും. സ്കൂൾ വെക്കേഷൻ കാലത്ത് ആഴ്ചയിൽ 5 ദിവസം പരിശീലനമുണ്ടായിരിക്കും.

തുടർന്ന് ശനി, ഞായർ ദിവസങ്ങളിലും പൊതു/ പ്രാദേശിക അവധി ദിവസങ്ങളിലുമായിരിക്കും പരിശീലനം. പരിശീലന ശേഷം കോഴ്സ് വിജയിക്കുന്നവർക്ക് തൊഴിൽ മേഖലകളിലൂടെയും വിജ്ഞാന കേരളം പദ്ധതിയിൽ ഉൾപ്പെടുത്തിയും തൊഴിൽ ലഭിക്കുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കുമെന്നും മന്ത്രി അറിയിച്ചു.

# പ്ലസ് വൺ പ്രവേശനത്തിന് മേയ് 14 മുതൽ അപേക്ഷകൾ സമർപ്പിക്കാം

പ്ലസ് വൺ പ്രവേശനത്തിനുള്ള അപേക്ഷകൾ മേയ് 14 മുതൽ ഓൺലൈനായി സമർപ്പിക്കാമെന്ന് വിദ്യാഭ്യാസ വകുപ്പ് മന്ത്രി വി ശിവൻകുട്ടി പറഞ്ഞു.

സ്വന്തമായോ,അല്ലെങ്കിൽ പത്താം തരം പഠിച്ചിരുന്ന ഹൈസ്കൂളിലെ കമ്പ്യൂട്ടർ ലാബ് സൗകര്യവും അദ്ധ്യാപകരുടെ സഹായവും അതുപോലെ തന്നെ ആ പ്രദേശത്തെ ഗവണ്മെന്റ്,എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിലെ കമ്പ്യൂട്ടർ ലാബ് സൗകര്യവും അദ്ധ്യാപകരുടെ സഹായവും അപേക്ഷ സമർപ്പിക്കുന്നതിന് പ്രയോജനപ്പെടുത്താം. അവസാന തീയതി മേയ് 20. മേയ് 24 ന് ട്രയൽ അലോട്ട്മെന്റും ജൂൺ 2 ന് ആദ്യ അലോട്ട്മെന്റും ജൂൺ 10 ന് രണ്ടാം അലോട്ട്മെന്റും ജൂൺ 16 ന് മൂന്നാം അലോട്ട്മെന്റും നടക്കുമെന്ന് മന്ത്രി വാർത്താ സമ്മേളനത്തിൽ വ്യക്തമാക്കി.

മുഖ്യ ഘട്ടത്തിലെ മൂന്ന് അലോട്ട്മെന്റുകളിലൂടെ ഭൂരിഭാഗം സീറ്റുകളിൽ പ്രവേശനം ഉറപ്പാക്കി ജൂൺ 18 ന് പ്ലസ് വൺ ക്ലാസ്സുകൾ ആരംഭിക്കും. മുൻ വർഷം ക്ലാസ്സുകൾ ആരംഭിച്ചത് ജൂൺ 24 ന് ആയിരുന്നു. മുഖ്യ ഘട്ടം കഴിഞ്ഞാൽ പുതിയ അപേക്ഷകൾ ക്ഷണിച്ച് സപ്ലിമെന്ററി അലോട്ട്മെന്റുകളിലൂടെ ശേഷിക്കുന്ന ഒഴിവുകൾ നികത്തി ജൂലൈ 23 ന് പ്രവേശന നടപടികൾ പൂർത്തിയാക്കും.

പട്ടിക ജാതി വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ആറ് മോഡൽ റെസിഡെൻഷ്യൽ ഹയർ സെക്കണ്ടറി സ്കൂളുകളിലെ പ്രവേശനം ഈ വർഷം മുതൽ ഏകജാലക സംവിധാനത്തിലൂടെ ആയിരിക്കും. ഈ സ്കൂളുകളിലേയ്ക്ക് ഒറ്റ അപേക്ഷ ഓൺലൈനായി സ്വീകരിച്ച് നിർദ്ദിഷ്ട ഷെഡ്യൂൾ പ്രകാരം അലോട്ട്മെന്റ് പ്രക്രിയയിലൂടെ പ്രവേശനം സാധ്യമാക്കുന്നതാണ്. ഹയർ സെക്കണ്ടറി പ്രവേശനത്തിന് വേണ്ടിയിട്ടുള്ള പ്രോസ്പെക്ടസ് പ്രസിദ്ധീകരിക്കുന്നത് സംബന്ധിച്ച് ഉത്തരവായിട്ടുണ്ട്. ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി പ്രോസ്പെക്ടസുകൾ ഒന്നിച്ച് പ്രസിദ്ധീകരിക്കുമെന്നും മന്ത്രി അറിയിച്ചു.

# ഹയർസെക്കന്ററി സ്ഥലംമാറ്റവും നിയമനവും – നടപടികൾ പൂർത്തിയായി : മന്ത്രി വി ശിവൻകുട്ടി

ഹയർ സെക്കന്ററി സ്ഥലം മാറ്റവും നിയമനവും മേയ് 31 നകം പൂർത്തീകരിക്കുമെന്നും ഇതിനുള്ള നടപടികൾ സ്വീകരിച്ചു കഴിഞ്ഞതായും പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി വി ശിവൻകുട്ടി വാർത്താസമ്മേളനത്തിൽ അറിയിച്ചു. കൈറ്റിന്റെ നേതൃത്വത്തിൽ ഓൺലൈനായാണ് അപേക്ഷകൾ സ്വീകരിച്ചത്. അധ്യാപകർ വ്യക്തിഗത വിവരങ്ങൾ നൽകുന്നതിൽ വരുത്തുന്ന തെറ്റുകൾ ട്രാൻസ്ഫർ പ്രക്രിയയെ ബാധിക്കുന്ന സാഹചര്യം ഒഴിവാക്കാൻ ഈ വർഷം ഏപ്രിൽ 7 മുതൽ 16 വരെ ഇതിനായി സമയം നൽകി. പിന്നീട് സമയം ഏപ്രിൽ 21 വരെ ദീർഘിപ്പിച്ചു. ഈ സമയപരിധിയിലും വ്യക്തി വിവരങ്ങൾ കൃത്യമായി നൽകാത്ത അധ്യാപകർക്ക് ആദ്യം ഏപ്രിൽ 28നും 29നും പിന്നീട് ഏപ്രിൽ 30 നും മേയ് 2നും ഹെൽപ്പ് ഡെസ്കിൽ നേരിട്ട് വന്ന് തിരുത്താൻ അവസരം നൽകി. നാന്നൂറിലധികം അധ്യാപകരാണ് ഇ പ്രകാരം നേരിട്ട് വന്ന് തിരുത്തിയത്. ഇതിനു പുറമെ ഇ പ്രാവശ്യം ആദ്യമായി കൃത്യമായ ഒഴിവുകൾ റിപ്പോർട്ട് ചെയ്യാൻ പ്രിൻസിപ്പൽമാർക്ക് സൗകര്യമേർപ്പെടുത്തി. ഇതോടെ ജില്ലകളിലെ വിവിധ സ്കൂളുകളിൽ വിവിധ വിഷയങ്ങളിൽ ലഭ്യമായ ഒഴിവുകൾ സംസ്ഥാനതലത്തിലും ജില്ലാതലത്തിലും പോർട്ടലിൽ കൈറ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇപ്രാവശ്യം ആദ്യമായി ട്രാൻസ്ഫറുമായി ബന്ധപ്പെട്ട അധ്യാപകരുടെ പരാതികൾ പരിശോധിച്ച് മൂന്ന് ദിവസത്തിനകം തീരുമാനമെടുക്കാൻ ഒരു സമിതിയെയും സർക്കാർ നിശ്ചയിച്ചിട്ടുണ്ട്. പൂർണ സുതാര്യത ഉറപ്പാക്കിയും ആക്ഷേപങ്ങൾക്ക് ഇടയാക്കാതെയുമാണ് ഈ പ്രവർത്തനങ്ങളെല്ലാം നടന്നു വരുന്നത്.

മേയ് 3 വരെയാണ് ട്രാൻസ്ഫറിന് അപേക്ഷിക്കാൻ സമയം നൽകിയിരുന്നത്. ഇതിന്റെ ഭാഗമായി 8204 അധ്യാപകരുടെ അപേക്ഷകളാണ് പ്രിൻസിപ്പൽമാർ അംഗീകരിച്ച് അയച്ചത്. ഇതിൽ 357 അപേക്ഷകർ അനുകമ്പാർഹമായ മുൻഗണന ലഭിക്കേണ്ട വിഭാഗത്തിലാണ് അപേക്ഷിച്ചിരിക്കുന്നത്. ഇവരുടെ അപേക്ഷകൾ പ്രത്യേക മെഡിക്കൽ ബോർഡ് പരിശോധിക്കും. മേയ് 19 നുള്ളിൽ പ്രൊവിഷണൽ ട്രാൻസ്ഫർ ലിസ്റ്റ് പ്രസിദ്ധീകരിക്കും. ഇത് പരിശോധിക്കാൻ ഒരാഴ്ച സമയം നൽകിയശേഷം അന്തിമ സ്ഥലം മാറ്റപ്പട്ടിക മേയ് 26 ഓടെ പ്രസിദ്ധീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും മന്ത്രി പറഞ്ഞു.

## താൽക്കാലിക നിയമനം

വയനാട് സർക്കാർ നഴ്സിങ് കോളേജ് ട്യൂട്ടർ തസ്തികയിൽ നിലവിലുള്ള 2 ഒഴിവിലേക്ക് പ്രതിമാസം 25000 രൂപ ഏകീകൃത ശമ്പളത്തിൽ 2025–26 അധ്യയന വർഷത്തേക്ക് താൽക്കാലിക നിയമനത്തിനായി 16 ന് രാവിലെ 10.30 ന് അഭിമുഖം നടത്തും.

പി.എം.എസ്.സി നഴ്സിംഗ് യോഗ്യതയും കെ.എൻ.എം.സി രജിസ്ട്രേഷനും ഉള്ള ഉദ്യോഗാർഥികൾക്ക് പങ്കെടുക്കാം.

സർക്കാർ/സ്വാശ്രയ നഴ്സിംഗ് കോളേജുകളിൽ നിന്നും വിജയകരമായി പഠനം പൂർത്തിയാക്കിയിരിക്കണം. താൽപര്യമുള്ള ഉദ്യോഗാർഥികൾ യോഗ്യത തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകൾ, ആധാർ ഉൾപ്പെടെ വയനാട് സർക്കാർ നഴ്സിംഗ് കോളേജ് പ്രിൻസിപ്പാളിന്റെ ഓഫീസിൽ അഭിമുഖത്തിന് ഹാജരാകണം.

# ഹയർ സെക്കൻഡറി, വൊക്കേഷണൽ ഹയർ സെക്കൻഡറി പരീക്ഷാഫലം മേയ് 21ന്

തിരുവനന്തപുരം: സംസ്ഥാനത്തെ ഹയർ സെക്കൻഡറി, വൊക്കേഷണൽ ഹയർ സെക്കൻഡറി പരീക്ഷാഫലം മേയ് 21 ന് പ്രഖ്യാപിക്കും. ഹയർ സെക്കൻഡറി പരീക്ഷയുടെ മൂല്യനിർണയം പൂർത്തിയായതായി മന്ത്രി വി. ശിവൻകുട്ടി അറിയിച്ചു.

4,44,707 വിദ്യാർഥികളാണ് രണ്ടാം വർഷ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്തത്. ടാബുലേഷൻ പ്രവൃത്തികൾ നടന്നു വരികയാണ്. മേയ് 14 ന് ബോർഡ് മീറ്റിംഗ് കൂടി മേയ് 21 ന് പരീക്ഷാഫലം പ്രസിദ്ധീകരിക്കും.

ഒന്നാം വർഷ ഹയർ സെക്കൻഡറി പരീക്ഷയുടെ മൂല്യനിർണയവും നടന്നു വരികയാണ്. 4,13,581 വിദ്യാർഥികളാണ് ഒന്നാം വർഷ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്തത്. ടാബുലേഷൻ പ്രവൃത്തികൾ പൂർത്തിയാക്കി ഒന്നാം വർഷ പരീക്ഷാഫലം ജൂണിൽ പ്രസിദ്ധീകരിക്കുന്നതാണെന്നും മന്ത്രി അറിയിച്ചു.

2025 മേയ് 14 മുതൽ പ്ലസ് വൺ പ്രവേശനത്തിനായി അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കാവുന്നതാണ്. അപേക്ഷ ഓൺലൈനായി സമർപ്പിക്കുവാനുള്ള അവസാന തീയതി മേയ് 20 ആയിരിക്കുന്നതാണ്.മേയ് 24ന് ട്രയൽ അലോട്ട്മെൻറ് നടക്കും. ആദ്യ അലോട്ട്മെൻറ് ജൂൺ രണ്ടിനും രണ്ടാം അലോട്ട്മെൻറ് ജൂൺ പത്തിനും മൂന്നാം അലോട്ട്മെൻറ് ജൂൺ 16നുമാണ്.മുഖ്യ ഘട്ടത്തിലെ മൂന്ന് അലോട്ട്മെൻറുകളിലൂടെ ഭൂരിഭാഗം സീറ്റുകളിൽ പ്രവേശനം ഉറപ്പാക്കി 2025 ജൂൺ 18ന് പ്ലസ് വൺ ക്ലാസുകൾ ആരംഭിക്കുന്നതാണെന്നും മന്ത്രി അറിയിച്ചു.

# ഡിസി ബുക്ക്സ് തെറ്റ് സമ്മതിച്ചു; ആത്മകഥാ വിവാദത്തിൽ തുടർനിയമനടപടികൾക്കില്ലെന്ന് ഇ.പി

കണ്ണൂർ: ആത്മകഥാ വിവാദത്തിൽ ഡിസി ബുക്സിനെതിരെ തുടർ നിയമനടപടികൾക്കില്ലെന്ന് ഇ.പി ജയരാജൻ. ഡിസി ബുക്സ് തെറ്റ് സമ്മതിച്ചെന്ന് ഇ.പി പ്രതികരിച്ചു.കണ്ണൂരിൽ മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു ഇ.പി. തെറ്റ് അംഗീകരിച്ചുകൊണ്ട് ഡിസി ബുക്സ് വക്കീൽ നോട്ടീസിന് മറുപടി അയച്ചിരുന്നു. തനിക്ക് ആരോടും പ്രതികാര മനോഭാവമില്ല. പകരം വീട്ടാനോ കുടിപ്പക വീട്ടാനോ ലക്ഷ്യംവച്ച് നടക്കുന്ന രാഷ്ട്രീയക്കാരനല്ല താനെന്നും ഇ.പി പറഞ്ഞു.പാലക്കാട്ടെ ഇടതു സ്ഥാനാർഥി പി.സരിനെയും രണ്ടാം പിണറായി സർക്കാരിനെയും കുറിച്ചുള്ള വിമർശനങ്ങൾ ആത്മകഥയുടെ ഭാഗങ്ങളെന്ന പേരിൽ പുറത്തുവന്നിരുന്നു. പിന്നാലെ ഇതെല്ലാം നിഷേധിച്ചുകൊണ്ട് ഇ.പി.രംഗത്തുവന്നിരുന്നു.ആത്മകഥ എഴുതാൻ ആരെയും ചുമതലപ്പെടുത്തിയിട്ടില്ലെന്നും തനിക്കും പാർട്ടിക്കും എതിരായ ഗൂഢാലോചനയെന്നുമായിരുന്നു ഇപിയുടെ വാദം. സംഭവത്തിലെ ഗൂഢാലോചന അന്വേഷിക്കണമെന്ന് ആവശ്യപ്പെട്ട് ഇ.പി ഡിജിപിക്ക് പരാതിയും നൽകി.ഇതിന്റെ അടിസ്ഥാനത്തിൽ ഡിസി ബുക്സിന്റെ പബ്ലിക്കേഷൻ വിഭാഗം മേധാവി ശ്രീകുമാറിനെ പ്രതിയാക്കി കോട്ടയം ഈസ്റ്റ് പോലീസ് കേസെടുത്തിരുന്നു. അന്വേഷണം പൂർത്തിയാക്കി പോലീസ് കുറ്റപത്രം സമർപ്പിക്കാനിരിക്കയാണ് ഇപിയുടെ നാടകീയ നീക്കം.

## പരീക്ഷാ പരിശീലനം

കേരള യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആൻഡ് ഗൈഡൻസ് ബ്യൂറോയിൽ മെയ് 14 മുതൽ ആരംഭിക്കുന്ന യുജിസി–നെറ്റ്/ജെആർഎഫ് പരീക്ഷകളുടെ (പേപ്പർ–1) പരിശീലന പരിപാടിയ്ക്ക് ഒഴിവുള്ള ഏതാനും സീറ്റുകളിലേക്ക് ചേരുന്നതിന് താൽപര്യമുള്ളവർ തിരുവനന്തപുരം പി.എം.ജി ജംഗ്ഷനിലുള്ള സ്റ്റുഡൻസ് സെന്ററിൽ പ്രവർത്തിക്കുന്ന കേരള യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആൻഡ് ഗൈഡൻസ് ബ്യൂറോയിൽ കോഴ്സ് ഫീസായ 2,500 രൂപ അടച്ചു രജിസ്റ്റർ ചെയ്യണം. വിശദവിവരങ്ങൾക്ക്: www.facebook.com/MCCTVM, ഫോൺ: 0471–2304577.

## സൈക്കോളജിസ്റ്റ് ഒഴിവ്

ജീവനി കോളേജ് മെന്റൽ അവയർനെസ് പ്രോഗ്രാമിന്റെ ഭാഗമായി 2025–26 അധ്യയന വർഷത്തിൽ തൈക്കാട് ഗവ. ആർട്സ് കോളേജ്, തിരുവനന്തപുരം, ഗവ. സംസ്കൃത കോളേജ് എന്നീ കോളേജുകളിലേക്കായി സൈക്കോളജിസ്റ്റിനെ താൽക്കാലികമായി നിയമിക്കുന്നതിനായി 14 ന് രാവിലെ 10ന് തൈക്കാട് ഗവ. ആർട്സ് കോളേജ് പ്രിൻസിപ്പാളിന്റെ ചേമ്പറിൽ അഭിമുഖം നടത്തുന്നു. വിശദ വിവരങ്ങൾക്ക് ഫോൺ: 0471 –2323040.

## സർട്ടിഫിക്കറ്റ് പരിശോധന

2024 നവംബർ മാസത്തിലെ കെ–ടെറ്റ് വിജ്ഞാപന പ്രകാരം ജനുവരി 18, 19 തീയതികളിൽ നടന്ന പരീക്ഷ എഴുതി വിജയിച്ചവരുടെ ഒറിജിനൽ സർട്ടിഫിക്കറ്റ് പരിശോധന മേയ് 12 മുതൽ വ്യവസ്ഥകൾക്ക് വിധേയമായി പരീക്ഷയെഴുതിയ കേന്ദ്രം സ്ഥിതി ചെയ്യുന്ന സ്ഥലത്തെ ജില്ലാ വിദ്യാഭ്യാസ ഓഫീസുകളിൽ നടക്കും. വിശദവിവരങ്ങൾക്ക്: https://ktet.kerala.gov.in .

## ഏകദിന പരിശീലനം

ആധുനിക തൊഴിൽ മേഖലകളിലെ മാറി വരുന്ന നേതൃത്വരീതികളെ അടിസ്ഥാനപ്പെടുത്തി സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് (സിഎംഡി) 'ലീഡർഷിപ് 4.0 എ.ഐ ആൻഡ് ഫ്യൂച്ചർ വർക്പ്ലേസ് വിഷയത്തിൽ ഏകദിന പരിശീലനം സംഘടിപ്പിക്കുന്നു.

ഡിജിറ്റൽ ലീഡർഷിപ്പ്, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് എന്നിവയിലൂന്നിയ ഭാവിയുടെ തൊഴിലിടങ്ങളിലേക്കായി പ്രായോഗികമായി തയ്യാറാകുവാൻ ആഗ്രഹിക്കുന്നവർക്ക് വേണ്ടിയാണ് പരിശീലനം. മെയ് 24 ന് തിരുവനന്തപുരം സി.എം.ഡിയിലാണ് പരിശീലനം. താൽപര്യമുള്ളവർ 20ന് മുൻപായി 8714259111, 0471–2320101 എന്നീ നമ്പറുകളിലോ www.cmd.kerala.gov.in വഴിയോ രജിസ്റ്റർ ചെയ്യണം.

## കരാർ നിയമനം

നാഷണൽ ആയുഷ് മിഷൻ കേരളം ഓവർസിയർ തസ്തികയിൽ വിവിധ ജില്ലകളിലെ ഒഴിവുകളിലേക്ക് (കോട്ടയം, തൃശൂർ, കണ്ണൂർ) കരാർ അടിസ്ഥാനത്തിൽ അപേക്ഷ ക്ഷണിച്ചു.

മേയ് 15 നകം അപേക്ഷകൾ ലഭിക്കണം. വിശദ വിവരങ്ങൾക്ക്: www.nam.kerala.gov.in, 0471 2474550.

## ഹാൻഡ്ലൂം മാർക്ക് നിർബന്ധമാക്കി

കൈത്തറി ഉൽപന്നങ്ങൾ എന്ന വ്യാജേന പവർലൂം ഉൽപന്നങ്ങൾ വിൽക്കുകയും പ്രദർശിപ്പിക്കുകയും ചെയ്യുന്നത് തടയുന്നതിനായി കൈത്തറി ഉൽപന്നങ്ങളിൽ ഹാൻഡ്ലൂം മാർക്ക് സർക്കാർ നിർബന്ധമാക്കി. ആയതിനാൽ കൈത്തറി വസ്ത്രങ്ങൾ വാങ്ങുന്ന ഉപഭോക്താക്കൾ കബളിപ്പിക്കപ്പെടാതിരിക്കുവാൻ ഉൽപന്നങ്ങളിൽ ഹാൻഡ്ലൂം മാർക്ക് ഉറപ്പ് വരുത്തണമെന്ന് കൈത്തറി വസ്ത്ര ഡയറക്ടർ അറിയിച്ചു.

# മുഖ്യമന്ത്രിയുടെ നേതൃത്വത്തിലുള്ള മേഖലാ അവലോകന യോഗങ്ങൾക്ക് വ്യാഴാഴ്ച തുടക്കമാവും

മുഖ്യമന്ത്രി പിണറായി വിജയന്റെ നേതൃത്വത്തിലുള്ള മേഖലാ അവലോകന യോഗങ്ങൾക്ക് വ്യാഴാഴ്ച തുടക്കം കുറിക്കും. സർക്കാരിന്റെ ഭരണ നേട്ടങ്ങൾ പൊതുജനങ്ങൾക്ക് കൂടുതൽ അനുഭവവേദ്യമാക്കാനും വികസന പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്താനും ജില്ലകളിൽ പുരോഗമിക്കുന്ന വികസന പ്രവർത്തനങ്ങൾക്ക് എന്തെങ്കിലും തടസ്സങ്ങളുണ്ടെങ്കിൽ അവ കണ്ടെത്തി പരിഹരിക്കുന്നതിനുമാണ് മേഖലാ അവലോകന യോഗങ്ങൾ നടത്തുന്നത്.

പാലക്കാട്, തിരുവനന്തപുരം, കണ്ണൂർ, കോട്ടയം എന്നീ മേഖലകളിൽ യഥാക്രമം മെയ് 8, 15, 26, 29 തീയതികളിൽ നടക്കും. പാലക്കാട്, മലപ്പുറം, തൃശ്ശൂർ ജില്ലകളാണ് 8-ാം തീയ്യതിയിലെ യോഗത്തിന്റെ ഭാഗമാകുന്നത്. മുഖ്യമന്ത്രി, മറ്റ് മന്ത്രിമാർ, ചീഫ് സെക്രട്ടറി, വകുപ്പ് സെക്രട്ടറിമാർ, വകുപ്പ് മേധാവികൾ, ജില്ലാതല ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുക്കും.

ഓരോ യോഗത്തിലും ബന്ധപ്പെട്ട ജില്ലകളിലെ വികസന പ്രവർത്തനങ്ങൾ വിലയിരുത്തുകയും അവ ത്വരിതപ്പെടുത്താനുള്ള തീരുമാനങ്ങൾ കൈക്കൊള്ളുകയും തടസ്സങ്ങളുണ്ടെങ്കിൽ ഉയർന്ന തലത്തിൽ ചർച്ച ചെയ്ത് പരിഹരിക്കുകയും ചെയ്യും. 2023 സെപ്റ്റംബർ -ഒക്ടോബർ മാസങ്ങളിലാണ് ആദ്യ മേഖലാ യോഗങ്ങൾ നടന്നത്.

956 വിഷയങ്ങളാണു അന്ന് സംസ്ഥാനത്താകെ യോഗങ്ങളിൽ പരിഗണിക്കുന്നതിനായി കണ്ടെത്തിയിരുന്നത്. ഇതിൽ 151 വിഷയങ്ങൾ അവിടെ ചർച്ച ചെയ്ത് തീരുമാനം കൈക്കൊള്ളുകയും തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തു.. 2023 ലെ മേഖല അവലോകന യോഗങ്ങളുടെ ഫലപ്രാപ്തിയാണ് വീണ്ടും അത്തരത്തിൽ യോഗങ്ങൾ സംഘടിപ്പിക്കാൻ പ്രേരകമായത്.

മൂന്ന് വിഭാഗത്തിൽപ്പെടുന്ന വിഷയങ്ങളാണ് ഈ വർഷത്തെ മേഖലാ യോഗങ്ങളിൽ പരിഗണിക്കുന്നത്. 2023 ലെ യോഗങ്ങളിൽ പരിഗണിച്ചവയും എന്നാൽ തീർപ്പ് കൽപ്പിക്കാൻ കഴിയാത്തവയും, മുഖ്യമന്ത്രി എം.എൽ.എ.മാരുമായി നടത്തിയ യോഗങ്ങളിൽ എം.എൽ.എ.മാർ ഉന്നയിച്ച മണ്ഡലത്തിലെ പ്രധാന വികസന പ്രവർത്തനങ്ങളും, ജില്ലാ കളക്ടർമാർ പുതുതായി കണ്ടെത്തിയ ജില്ലയിലെ വികസന പ്രവർത്തനങ്ങളുമാണ് പരിഗണിക്കുന്നത്. ഇതിനുപുറമെ നവകേരള സദസ്സിന്റെ ഭാഗമായി നിയോജക മണ്ഡലങ്ങളിൽ നടത്താൻ ഉദ്ദേശിക്കുന്ന പദ്ധതികളും ഗ്രാമീണ റോഡിന്റെ പുനരുദ്ധാരണ പദ്ധതിയും ഇത്തരം യോഗങ്ങളിൽ വിലയിരുത്തുന്നു. ഈ വിഭാഗങ്ങളിലായി 1036 വിഷയങ്ങളാണ് ഇപ്പോൾ കണ്ടെത്തിയിട്ടുള്ളത്. ഇവയിൽ 201 എണ്ണത്തിൽ ഇതിനോടകം തന്നെ സർക്കാർ തലത്തിൽ പരിഹാരം കാണാനായിട്ടുണ്ട്. 124 വിഷയങ്ങളിൽ അടുത്ത 6 മാസത്തിനുള്ളിൽ പരിഹാരം കാണാനാകുമെന്ന് വിലയിരുത്തിയിട്ടുണ്ട്. സാധാരണ ഗതിയിൽ ഇത്തരം പ്രശ്നങ്ങൾ ജില്ലാ കളക്ടർമാർ വകുപ്പ് സെക്രട്ടറിക്ക് കത്തെഴുതുകയും അത് ഫയലായി രൂപാന്തരപ്പെട്ട് വിവിധ തലങ്ങളിൽ കൈകാര്യം ചെയ്ത് തീരുമാനത്തിലെത്തി ചേരാൻ ഒട്ടേറെ കാലവിളംബത്തിന് കാരണമാകും. എന്നാൽ മേഖലാ അവലോകന യോഗത്തിന്റെ ഭാഗമായി കണ്ടെത്തുന്ന വിഷയങ്ങൾ ഇത്തരം കത്തിടപാടുകൾക്കപ്പുറം ഉദ്യോഗസ്ഥർ നേരിട്ടുതന്നെ ആശയവിനിമയം നടത്തി പരിഹരിക്കുകയാണ് ചെയ്യുന്നത്. സർക്കാർ മുൻഗണന നൽകുന്ന പദ്ധതികളായ അതിദാരിദ്ര്യ നിർമ്മാർജ്ജനം, ലൈഫ്, ആർദ്രം, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം, ഹരിതകേരളം, മാലിന്യ മുക്ത നവകേരളം? എന്നിവയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ജില്ലാ അടിസ്ഥാനത്തിൽ വിലയിരുത്തും.

സംസ്ഥാനത്ത് വിവിധ ജില്ലകളിൽ പുരോഗമിക്കുന്ന ചെറുതും വലുതുമായ മുഴുവൻ പദ്ധതികളും ഇത്തരം യോഗങ്ങളിൽ വിലയിരുത്തുകയും സമയബന്ധിതമായി പൂർത്തിയാക്കുന്നുവെന്ന് ഉറപ്പുവരുത്താനും കഴിയും. മുഖ്യമന്ത്രിയും മന്ത്രിമാരും ചീഫ് സെക്രട്ടറിയും വകുപ്പ് സെക്രട്ടറിമാരും വകുപ്പ് മേധാവികളും ഒരുമിച്ച് ഒരു വേദിയിൽ ഒത്തുകൂടുന്നതുകൊണ്ടുതന്നെ തീരുമാനങ്ങൾ കൈക്കൊള്ളാനും തടസ്സങ്ങൾ മാറ്റാനും കഴിയുന്നു.

ഈ മേഖലാ അവലോകന യോഗങ്ങളിൽ പരിഗണിക്കുന്നതിന് കണ്ടെത്തിയിട്ടുള്ള വിഷയങ്ങളിൽ തീർപ്പ് കൽപിക്കാനാകാത്തവ സെക്രട്ടറിമാർ നിരീക്ഷിക്കുകയും സമയബന്ധിതമായി പരിഹരിക്കുകയും ചെയ്യും.

## പഞ്ചാബിൽ വൻ ആയുധശേഖരം പിടികൂടി; സംഭവത്തിന് ഐഎസ്ഐയുമായി ബന്ധമുണ്ടെന്ന് പോലീസ്

അമൃത്സർ: പഞ്ചാബിൽ നിന്ന് വൻ ആയുധശേഖരം പിടികൂടി. ഗ്രനേഡുകളും റോക്കറ്റ് പ്രൊപ്പൈൽഡ് ഗ്രനേഡുകളും ഐഇഡികളുമാണ് കണ്ടെത്തിയത്. പാക് ചാരസംഘടന ഐഎസ്ഐയുമായി സംഭവത്തിന് ബന്ധമുണ്ടെന്ന് പ്രാഥമിക അന്വേഷണത്തിൽ പഞ്ചാബ് പോലീസ് കണ്ടെത്തി.പഞ്ചാബിലെ അടക്കം സ്ലീപ്പർ സെല്ലുകളെ സജീവമാക്കുന്നതിന് വേണ്ടി നടത്തിയ ഒരു ഓപ്പറേഷനുമായി ബന്ധപ്പെട്ടാണ് ആയുധശേഖരം ഇവിടെയെത്തിയതെന്നാണ് നിഗമനം. സംഭവത്തിൽ ആരെയും ഇതുവരെ അറസ്റ്റ് ചെയ്തിട്ടില്ലെന്നാണ് വിവരം.ആയുധശേഖരം പിടികൂടിയ പശ്ചാത്തലത്തിൽ വനമേഖലയിൽ അടക്കം തെരച്ചിൽ തുടരുകയാണ്.

പഹൽഗാം ആക്രമണത്തിന് പിന്നാലെയാണ് പഞ്ചാബ് അടക്കമുള്ള സംസ്ഥാനങ്ങളിൽ പരിശോധന കർശനമാക്കിയത്.

## ചെന്നൈയിൽ ട്രെയിനിൽനിന്ന് വീണ് അപകടം; യുവാവിന്റെ കൈ അറ്റു

ചെന്നൈ: തിരക്കേറിയ ട്രെയിനിൽനിന്ന് ട്രാക്കിലേക്ക് വീണ് യുവാവിന്റെ ഇടതു കൈയറ്റു. അരുൺ കുമാർ എന്ന ഇരുപത്തെട്ടുകാരനാണ് പരിക്കേറ്റത്.കഴിഞ്ഞ ദിവസം രാത്രി ചെന്നൈയിലായിരുന്നു സംഭവം. ഡോറിന് സമീപം സ്റ്റെപ്പിൽ ഇരുന്ന് യാത്ര ചെയ്ത യുവാവ് ബാലൻസ് തെറ്റി ട്രാക്കിലേക്ക് വീഴുകയായിരുന്നു. ഇയാളുടെ ഇടത് കൈയിലൂടെ ട്രെയിൻ കയറി ഗുരുതര പരിക്കേറ്റു. മറ്റ് യാത്രക്കാർ വിവരമറിയിച്ചത് അനുസരിച്ച് ട്രെയിൻ നിർത്തിയ ശേഷം യുവാവിനെ ആശുപത്രിയിൽ എത്തിച്ചു.

പരിശോധനയിൽ ഇയാൾ മദ്യലഹരിയിലായിരുന്നുവെന്ന് സ്ഥിരീകരിച്ചതായി പിന്നീട് പോലീസ് അറിയിച്ചു.

ഒരു സുഹൃത്തിന്റെ വിവാഹച്ചടങ്ങിൽ പങ്കെടുക്കാനാണ് യുവാവ് ചെന്നൈയിലെത്തിയത്. വിവാഹത്തിന് ശേഷം ചെന്നൈ സെൻട്രൽ സ്റ്റേഷനിൽ നിന്ന് ട്രെയിൻ കയറിപ്പോഴാണ് അപകടം.

## നിയന്ത്രണരേഖയിൽ വീണ്ടും പ്രകോപനം; തിരിച്ചടിച്ച് ഇന്ത്യ

ശ്രീനഗർ: ജമ്മുകാഷ്മീരിലെ നിയന്ത്രണരേഖയിൽ വീണ്ടും പ്രകോപനം തുടർന്ന് പാക്കിസ്ഥാൻ. തുടർച്ചയായ 12-ാം രാത്രിയാണ് പാക് സൈന്യം വെടിനിർത്തൽ കരാർ ലംഘിക്കുന്നത്.ജമ്മുകാഷ്മീരിലെ കുപ്വാര, ബാരാമുള്ള, പൂഞ്ച്, രജൗരി, മെന്ദാർ, നൗഷേര, സുന്ദർബാനി, അഖ്നൂർ എന്നിവയ്ക്ക് എതിർവശത്തുള്ള പ്രദേശങ്ങളിൽ നിന്നാണ് വെടിവയ്പ്പുണ്ടായത്. സുരക്ഷാസേന തിരിച്ചടി നൽകി.

## കേന്ദ്രമന്ത്രിമാരായിരുന്ന 19 പേരുടെ സുരക്ഷ ഒഴിവാക്കി; സ്മൃതി ഇറാനിക്ക് തുടരും

ന്യൂഡൽഹി: കേന്ദ്രമന്ത്രിമാരായിരുന്ന 19 പേരുടെ സുരക്ഷ ഒഴിവാക്കി കേന്ദ്ര ആഭ്യന്തര മന്ത്രാലയം. ഇതുസംബന്ധിച്ച് ഡൽഹി പോലീസിന് നിർദേശം നൽകി. കാലാവധി കഴിഞ്ഞിട്ടും സുരക്ഷ തുടരുന്ന മുൻ കേന്ദ്ര മന്ത്രിമാരുടെയും എംപിമാരുടെയും പട്ടിക കഴിഞ്ഞ വർഷം ഡൽഹി പോലീസ് ആഭ്യന്തര മന്ത്രാലയത്തിന് കൈമാറിയിരുന്നു.

അതേസമയം ബിജെപി നേതാവും മുൻ മന്ത്രിയുമായ സ്മൃതി ഇറാനിയുടെ സുരക്ഷ ആറുമാസത്തേക്ക് കൂടി നീട്ടി. മുൻ കേന്ദ്ര മന്ത്രിമാരായ ഭാനു പ്രതാപ് സിംഗ് വർമ, ബിരേന്ദർ സിംഗ്, ദേവുസിൻഹ് ജെസിങ്ഭായ് ചൗഹാൻ, ജസ്വന്ത് സിൻഹ് സുമൻഭായ് ഭഭോർ, രാജ്കുമാർ രഞ്ജൻ സിംഗ് എന്നിവരുടെ വൈ കാറ്റഗറി സുരക്ഷ ഒഴിവാക്കി.മുൻ എംപിമാരുടെയും മുതിർന്ന ജഡ്ജിമാരുടെയും സുരക്ഷ ഒഴിവാക്കിയിട്ടുണ്ട്. പോലീസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ചില ജഡ്ജിമാരുടെ സുരക്ഷ തുടരാനും തീരുമാനിച്ചിട്ടുണ്ട്.പദവിയിലിരിക്കുന്നവർക്കും സുരക്ഷാ ഭീഷണിയുള്ളവർക്കുമാണ് പ്രത്യേക സുരക്ഷയൊരുക്കുന്നത്. നിശ്ചിത കാലയളവിൽ ഇത് പുനഃപരിശോധിക്കണം. എന്നാൽ ദീർഘകാലമായി ഇത് ചെയ്തിരുന്നില്ല. കഴിഞ്ഞ വർഷം ഡിസംബറിലാണ് പരിശോധനകൾക്ക് ശേഷം റിപ്പോർട്ട് കേന്ദ്രത്തിന് നൽകിയത്. ഇതിന്റെ അടിസ്ഥാനത്തിലാണ് മുൻ മന്ത്രിമാരുടെ സുരക്ഷ ഒഴിവാക്കിയത്.മുൻ സൈനിക മേധാവി ജനറൽ വി.കെ. സിംഗ്, മുൻ കേന്ദ്രമന്ത്രി അജയ് ഭട്ട് എന്നിവരുടെ സുരക്ഷ നിലനിർത്താൻ ആഭ്യന്തര മന്ത്രാലയം തീരുമാനിച്ചിട്ടുണ്ട്.

ഇൻറലിജൻസ് ബ്യൂറോ, റോ തുടങ്ങിയ ഏജൻസികളുടെ അടക്കം റിപ്പോർട്ട് പരിഗണിച്ചാണ് വ്യക്തികൾക്ക് സുരക്ഷ നൽകുന്നതിൽ കേന്ദ്രആഭ്യന്തര മന്ത്രാലയം തീരുമാനിക്കുന്നത്.

## ഇന്ത്യയും പാക്കിസ്ഥാനും സംയമനം പാലിക്കണമെന്ന് യുഎൻ സെക്രട്ടറി ജനറൽ

വാഷിംഗ്ടൺ ഡിസി: പഹൽഗാം ഭീകരാക്രമണത്തെ ശക്തമായി അപലപിച്ച് ഐക്യരാഷ്ട്രസഭ. പ്രശ്നപരിഹാരത്തിന് സൈനിക നടപടികൾ അല്ല മാർഗം. ഇന്ത്യ - പാക് ബന്ധം ഏറ്റവും വഷളായ നിലയിൽ പോകുന്നത് വേദനയുണ്ടാക്കുന്നു. ഇരു രാജ്യങ്ങളും സംയമനം പാലിക്കണമെന്നും യുഎൻ സെക്രട്ടറി ജനറൽ അൻറോണിയോ ഗുട്ടെറസ് ആവശ്യപ്പെട്ടു.

ഇന്ത്യയും പാക്കിസ്ഥാനും തമ്മിലുള്ള സംഘർഷം വർഷങ്ങൾക്കിടയിലെ ഏറ്റവും ഉയർന്ന നിലയിലാണ് എത്തിനിൽക്കുന്നതെന്ന് അദ്ദേഹം പ്രസ്താവനയിൽ പറഞ്ഞു. ഐക്യരാഷ്ട്രസഭയുടെ പ്രവർത്തനങ്ങൾക്ക്, പ്രത്യേകിച്ച് യുഎൻ സമാധാന പരിപാലനത്തിന് നൽകിയ സുപ്രധാന സംഭാവനകൾക്ക് ഇരു രാജ്യങ്ങളിലെയും സർക്കാരുകളോടും ജനങ്ങളോടും അഗാധമായ ബഹുമാനവും നന്ദിയുമുണ്ട്. സംഘർഷം ലഘൂകരിക്കാനായുള്ള സഹായത്തിന് ഐക്യരാഷ്ട്രസഭ തയാറാണ്.

സാധാരണക്കാരെ ലക്ഷ്യമിടുന്ന ആക്രമണത്തെ അംഗീകരിക്കാനാവില്ല. ഉത്തരവാദികളായവരെ വിശ്വസനീയവും നിയമപരവുമായ മാർഗങ്ങളിലൂടെ നിയമത്തിന് മുന്നിൽ കൊണ്ടുവരണം. എളുപ്പത്തിൽ നിയന്ത്രണംവിട്ട് പോകാനിടയുള്ള ഒരു സൈനിക ഏറ്റുമുട്ടൽ ഒഴിവാക്കുക എന്നത് പ്രത്യേകിച്ച് ഈ നിർണായക ഘട്ടത്തിൽ അനിവാര്യമാണ്.പരമാവധി സംയമനം പാലിക്കാനും അപകടത്തിന്റെ വക്കിൽ നിന്ന് പിന്മാറാനുമുള്ള സമയമാണിത്. ഏത് തരത്തിലുള്ള മധ്യസ്ഥത വഹിക്കാനും യുഎൻ ഒരുക്കമാണെന്നും സെക്രട്ടറി ജനറൽ അൻറോണിയോ ഗുട്ടറെസ് പറഞ്ഞു.

## പഹൽഗാം ആക്രമണം മോദിക്ക് മുൻകൂട്ടി അറിയാമായിരുന്നു; ആഞ്ഞടിച്ച് ഖാർഗെ

റാഞ്ചി: പഹൽഗാം ഭീകരാക്രമണത്തിൽ കേന്ദ്രത്തിനെതിരേ ആഞ്ഞടിച്ച് കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെ. ജമ്മു കാഷ്മീരിൽ ഭീകരാക്രമണത്തിന് സാധ്യതയുണ്ടെന്ന് മൂന്ന് ദിവസം മുമ്പ് പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക് ഇൻറലിജൻസ് റിപ്പോർട്ട് കിട്ടി. ഇതിന്റെ അടിസ്ഥാനത്തിലാണ് മോദി കാഷ്മീർ സന്ദർശനം മാറ്റിവച്ചതെന്നും ഖാർഗെ ആരോപിച്ചു.

ജാർഖണ്ഡിലെ ഭരണഘടനാ സംരക്ഷണ റാലിയിൽ സംസാരിക്കുകയായിരുന്നു ഖാർഗെ. രഹസ്യാന്വേഷണ വിഭാഗത്തിന്റെ റിപ്പോർട്ട് അവഗണിച്ചത് എന്തുകൊണ്ടാണ്. ജമ്മു കാഷ്മീർ പോലീസിനെ അടക്കം ഇക്കാര്യം അറിയിക്കാതിരുന്നതിന് എന്താണ് കാരണമെന്നും ഖാർഗെ ചോദിച്ചു.വലിയ സുരക്ഷാ വീഴ്ചയാണ് പഹൽഗാമിൽ സംഭവിച്ചത്. ഭീകരാക്രമണത്തിന് ശേഷം വിളിച്ച സർവകക്ഷി യോഗത്തിൽ സുരക്ഷാ വീഴ്ച ഉണ്ടായെന്ന കാര്യം സർക്കാർ തന്നെ സമ്മതിച്ചതാണെന്നും ഖാർഗെ പറഞ്ഞു.

ഏപ്രിൽ 22-നാണ് പഹൽഗാമിൽ 26 വിനോദ സഞ്ചാരികളെ ഭീകരർ വെടിവച്ച് കൊലപ്പെടുത്തിയത്. മുന്നറിയിപ്പ് ലഭിച്ചതനുസരിച്ച് ഏപ്രിൽ 19-ലെ കാഷ്മീർ സന്ദർശനം മോദി മാറ്റിവച്ചെന്നാണ് ആരോപണം.അതേസമയം പ്രതികൂല കാലാവസ്ഥയെ തുടർന്നാണ് പ്രധാനമന്ത്രിയുടെ കാഷ്മീർ സന്ദർശനം മാറ്റിവച്ചതെന്നാണ് അധികൃതരുടെ വിശദീകരണം.

## ഹൽദി ആഘോഷത്തിനിടെ ഹൃദയാഘാതം; വിവാഹത്തലേന്ന് വധു മരിച്ചു

ലക്നോ: വിവാഹത്തിനോടനുബന്ധിച്ചുള്ള ഹൽദി ആഘോഷങ്ങൾക്കിടെ വധു ഹൃദയാഘാതം മൂലം മരിച്ചു. ഉത്തർപ്രദേശിലെ ഇസ്ലാംനഗർ പോലീസ് സ്റ്റേഷൻ പരിധിയിലെ നൂർപൂർ പിനൗനി ഗ്രാമത്തിലാണ് സംഭവം.

ഞായറാഴ്ച രാത്രി ഹാൽദി ചടങ്ങിനിടെ സഹോദരിമാർക്കും ബന്ധുക്കൾക്കും ഒപ്പം നൃത്തം ചെയ്യുകയായിരുന്നു ദീക്ഷ(22). ശാരീരിക അസ്വസ്ഥത അനുഭവപ്പെട്ടതിനെ തുടർന്ന് ഇവർ ശുചിമുറിയിലേക്ക് പോയി.

എന്നാൽ ഏറെ നേരം കഴിഞ്ഞിട്ടും ദിക്ഷ പുറത്തു വരാതിരുന്നതിനെ തുടർന്ന് കുടുംബാംഗങ്ങൾ വാതിലിൽ മുട്ടി. എന്നാൽ പ്രതികരണമൊന്നും ലഭിക്കാതിരുന്നതിനെ തുടർന്ന് ബന്ധുക്കൾ വാതിൽ പൊളിച്ച് അകത്ത് കടന്നപ്പോൾ ദീക്ഷ അബോധാവസ്ഥയിൽ കിടക്കുന്നത് കണ്ടു. സംഭവസ്ഥലത്ത് വച്ച് തന്നെ ഇവർ മരിച്ചതായി സ്ഥിരീകരിച്ചു.മൊറാദാബാദ് ജില്ലയിലെ ശിവപുരി ഗ്രാമവാസിയും ഫാക്ടറി ജീവനക്കാരനായ സൗരഭുമായി തിങ്കളാഴ്ച ദീക്ഷയുടെ വിവാഹം നടത്താൻ തീരുമാനിച്ചിരുന്നതായി പോലീസ് പറഞ്ഞു. കുടുംബം പരാതി നൽകാൻ വിസമ്മതിക്കുകയും പോസ്റ്റ്മോർട്ടം നടത്താൻ വിസമ്മതിക്കുകയും ചെയ്തുവെന്ന് ഇസ്ലാംനഗർ സ്റ്റേഷൻ ഹൗസ് ഓഫീസർ വിശാൽ പ്രതാപ് സിംഗ് പറഞ്ഞു.വീട്ടുമടസ്ഥയുമായി തർക്കം; യമുന നദിയിലേക്ക് ചാടിയ ഓട്ടോ ഡ്രൈവർ മരിച്ചു

## ഇ ഗ്രാൻസ് റീഫണ്ട്

തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ 2010 മുതൽ 2019 വരെയുള്ള അധ്യയന വർഷങ്ങളിൽ പഠിച്ചിരുന്ന SC/ OBC/ SEBC/KPCR/ FC/ Fisheries/ Lakshadweep/ IAS- coaching വിദ്യാർഥികളിൽ ഇ ഗ്രാൻസ് റീഫണ്ട് ഇനിയും കൈപ്പറ്റാത്ത വിദ്യാർഥികൾ മേയ് 26ന് മുമ്പ് അസൽ തിരിച്ചറിയൽ രേഖയും സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പും സമർപ്പിച്ച് (രാവിലെ 10 മുതൽ 1 വരെ) കോളേജ് ഓഫീസിൽ നിന്ന് നേരിട്ട് കൈപ്പറ്റണം. ഇനിയൊരറിയിപ്പുകൂടാതെ പ്രസ്തുത തുക സർക്കാരിലേക്ക് തിരിച്ചടയ്ക്കും. ഫോൺ: 0471 2475830.

## ക്ലിനിക്കൽ ചൈൽഡ് ഡെവലപ്മെന്റ് ഡിപ്ലോമ: വിവരങ്ങൾ പ്രസിദ്ധീകരിച്ചു

മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ കീഴിൽ പ്രവർത്തിക്കുന്ന ചൈൽഡ് ഡെവലപ്മെന്റ് സെന്ററിൽ നടത്തിവരുന്ന രണ്ടു വർഷം ദൈർഘ്യമുള്ള പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ ഇൻ ക്ലിനിക്കൽ ചൈൽഡ് ഡെവലപ്മെന്റ് കോഴ്സിലേക്ക് 2024-2025 വർഷത്തെ പ്രവേശനത്തിന് അപേക്ഷിച്ചവരുടെ പ്രാഥമിക പരിശോധനയ്ക്കുശേഷമുള്ള സ്വീകാര്യമായ വ്യക്തിഗത അക്കാദമിക വിവരങ്ങൾ www.lbscentre.kerala.gov.in വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. അപേക്ഷാർത്ഥികൾ വെബ്സൈറ്റിൽ ലോഗിൻ ചെയ്ത് വിവരങ്ങൾ പരിശോധിക്കണം. ആവശ്യപ്പെട്ടിട്ടുള്ള രേഖകൾ മേയ് 9ന് വൈകിട്ട് 5 മണിക്കകം സമർപ്പിക്കണം. ആവശ്യപ്പെട്ടിട്ടുള്ള രേഖകൾ അപ്ലോഡ് ചെയ്യാത്തവരുടെ ക്ലെയിം/അപേക്ഷ നിരസിക്കും. 0471 2324396.

## ഷമിക്ക് വധഭീഷണി; പോലീസിൽ പരാതി നൽകി സഹോദരൻ

ലക്നോ: ഇന്ത്യൻ ക്രിക്കറ്റ് താരം മുഹമ്മദ് ഷമിക്ക് ഇ-മെയിൽ വഴി വധഭീഷണി സന്ദേശം. ഒരു കോടി രൂപ ആവശ്യപ്പെട്ടാണ് ഭീഷണി സന്ദശം അയച്ചത്. സംഭവത്തിൽ ഷമിയുടെ സഹോദരൻ ഹസീബ് പരാതി നൽകി.

ഹസീബ് അഹ്മദ് അമ്രോഹയിലെ സൈബർ ക്രൈം പോലീസ് സ്റ്റേഷനിൽ നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ കേസെടുത്തു. രാജ്പുത് സിന്ദർ എന്നു പേരുള്ള ഇ-മെയിൽ ഐഡിയിൽനിന്നാണ് ഭീഷണിസന്ദേശം വന്നതെന്ന് പോലീസ് പറയുന്നു. ഒരു കോടി രൂപയും ആവശ്യപ്പെട്ടു. പ്രതിയെ തിരിച്ചറിയാനുള്ള ശ്രമങ്ങൾ നടത്തുകയാണെന്ന് പോലീസ് അറിയിച്ചു.നിലവിൽ ഐപിഎല്ലിന്റെ തിരക്കുകളിലാണ് ഷമി. സൺറൈസേഴ്സ് ഹൈദരാബാദിനായി ഒൻപത് മത്സരങ്ങളിൽനിന്ന് ആറു വിക്കറ്റുകളാണ് താരത്തിന് നേടാനായത്. കേരളത്തിലെത്തിയതാണെന്ന് തെളിയിക്കാൻ രാജ ഹാജരാക്കിയ കണ്ണൻദേവൻ ഹിൽ പ്ലാൻറേഷൻ കമ്പനിയുടെ രേഖ കേസിൽ നിർണായകമാകും.

## ബിഹാറിൽ കാറും ട്രാക്ടറും കൂട്ടിയിടിച്ച് എട്ടുപേർ മരിച്ചു

പാറ്റ്ന: ബിഹാറിലെ കതിഹാർ ജില്ലയിൽ കാറും ട്രാക്ടറും കൂട്ടിയിടിച്ചുണ്ടായ അപകടത്തിൽ എട്ട് പേർ മരിച്ചു. രണ്ട് പേർക്ക് പരിക്കേറ്റു.വിവാഹ ചടങ്ങിൽ പങ്കെടുത്ത് മടങ്ങുകയായിരുന്ന കാർ യാത്രികരാണ് അപകടത്തിൽപ്പെട്ടത്.അപകടം നടന്നയുടൻതന്നെ പോലീസെത്തി കാറിലുണ്ടായിരുന്ന എല്ലാവരെയും ആശുപത്രിയിലെത്തിച്ചിരുന്നുവെങ്കിലും ആരെയും രക്ഷിക്കാനായില്ല. പരിക്കേറ്റ രണ്ട് പേർ ആശുപത്രിയിൽ ചികിത്സയിലാണ്.കൂടുതൽ അന്വേഷണം നടന്നുവരികയാണെന്നും പോലീസ് പറഞ്ഞു.

## യുഎൻ രക്ഷാസമിതി യോഗത്തിൽ ഒറ്റപ്പെട്ട് പാക്കിസ്ഥാൻ

ന്യൂയോർക്ക്: യുഎൻ രക്ഷാസമിതി യോഗത്തിൽ ഒറ്റപ്പെട്ട് പാക്കിസ്ഥാൻ. പാക്കിസ്ഥാൻ ആണവ ഭീഷണി മുഴക്കുന്നതിനെ ചോദ്യം ചെയ്ത് യുഎൻ രക്ഷാസമിതി അംഗങ്ങൾ രംഗത്തെത്തിയത്.

പഹൽഗാം ഭീകരാക്രമണത്തെ തുടർന്ന് ഇന്ത്യ-പാക് ബന്ധം വഷളാകുന്നതിന്റെ പശ്ചാത്തലത്തിലാണ് 15 അംഗ സെക്യൂരിറ്റി കൗൺസിൽ തിങ്കളാഴ്ച അടച്ചിട്ട മുറിയിൽ യോഗം ചേർന്നത്.

ഭീകരാക്രമണവുമായി ബന്ധമില്ലെന്ന പാക് വാദം അംഗീകരിക്കാൻ യുഎൻ സെക്യൂരിറ്റി കൗൺസിൽ അംഗങ്ങൾ തയാറായില്ലെന്ന് ഉന്നതവൃത്തങ്ങളെ ഉദ്ധരിച്ച് ദേശീയമാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു.

പാക്കിസ്ഥാനുമായി ബന്ധമുള്ള ഭീകരസംഘടനയായ ലഷ്കർ-ഇ-തോയ്ബയ്ക്ക് പഹൽഗാം ആക്രമണവുമായി ബന്ധമുണ്ടോയെന്നും ചോദ്യമുയർന്നു. ഇന്ത്യയുമായി ഉഭയകക്ഷി നീക്കത്തിലൂടെ വിഷയം പരിഹരിക്കാനായിരുന്നു പാക്കിസ്ഥാനോട് മറ്റ് അംഗരാജ്യങ്ങൾ നിർദേശിച്ചത്.

പഹൽഗാം ഭീകരാക്രമണത്തെ സുരക്ഷാ കൗൺസിൽ അപലപിച്ചു. ആക്രമണത്തിന്റെ ഉത്തരവാദികളെ തിരിച്ചറിയേണ്ടതുണ്ടെന്നും യോഗത്തിൽ ആവശ്യമുയർന്നു.

## ജസ്റ്റീസ് കെ.വി. വിശ്വനാഥന് 120 കോടിയുടെ നിക്ഷേപം; ജഡ്ജിമാരുടെ സ്വത്ത് വിവരങ്ങൾ പുറത്തുവിട്ട് സുപ്രീംകോടതി

ന്യൂഡൽഹി: ജഡ്ജിമാരുടെ സ്വത്ത് വിവരങ്ങൾ പുറത്തുവിട്ട് സുപ്രീംകോടതി. 33 ജഡ്ജിമാരിൽ ആദ്യഘട്ടത്തിൽ 21 ജഡ്ജിമാരുടെ സ്വത്തുവിവരങ്ങളാണ് പുറത്തുവിട്ടത്. സുപ്രീംകോടതി ചീഫ് ജസ്റ്റീസ് സഞ്ജീവ് ഖന്ന മേയ് 13 ന് വിരമിക്കാനിരിക്കെയാണ് നടപടി.

മുതിർന്ന അഭിഭാഷകനായിരുന്ന കെ.വി. വിശ്വനാഥനാണ് ജഡ്ജിമാരിൽ സമ്പന്നൻ. 120.96 കോടി രൂപയാണ് നിക്ഷേപമാണ് കെ.വി. വിശ്വനാഥനുള്ളത്.

2010 മുതൽ 2015 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ നികുതിയിനത്തിൽ സർക്കാരിലേക്ക് അടച്ചത് 91.47 കോടി രൂപയാണ്. ചീഫ് ജസ്റ്റീസ് സഞ്ജീവ് ഖന്നയ്ക്ക് ഒന്നരക്കോടിയുടെ നിക്ഷേപമാണുള്ളത്. ജസ്റ്റീസ് വിനോദ് ചന്ദ്രന് മ്യൂച്ചൽ ഫണ്ടിൽ എട്ട് ലക്ഷം നിക്ഷേപവും ആറ് ഏക്കർ ഭൂമിയുമുണ്ട്.

വനിതാ ജഡ്ജിമാരിൽ ജസ്റ്റീസ് ബേല എം. ത്രിവേദിയുടെ സ്വത്ത് വിവരങ്ങൾ വെബ്സൈറ്റിൽ അപ്ലോഡ് ചെയ്തെങ്കിലും ജസ്റ്റീസ് ബി.വി. നാഗരത്നയുടെ സ്വത്ത് വിവരങ്ങൾ ഇതുവരെയും പ്രസിദ്ധപ്പെടുത്തിയിട്ടില്ല.

ജസ്റ്റീസ് നാഗരത്നയ്ക്ക് പുറമെ ജസ്റ്റീസുമാരായ ജെ.കെ. മഹേശ്വരി, ദീപാങ്കർ ദത്ത, അസനുദ്ദീൻ അമാനുള്ള, മനോജ് മിശ്ര, അരവിന്ദ് കുമാർ, പി.കെ. മിശ്ര, എസ്.സി. ശർമ, പ്രസന്ന ബാലചന്ദ്ര വരാലെ, എ. കോടീശ്വർ സിംഗ്, ആർ. മഹാദേവൻ, ജോയ്മല്യ ബാഗ്ച്ചി എന്നിവരും സ്വത്ത് വിവരങ്ങൾ അപ്ലോഡ് ചെയ്തിട്ടില്ല.

ഹൈക്കോടതി ജഡ്ജിമാരുടെ നിയമന വിവരങ്ങളും സുപ്രീംകോടതി പുറത്തുവിട്ടു. 2022 നവംബർ ഒൻപത് മുതൽ 2025 മെയ് അഞ്ച് വരെയുള്ള നിയമന വിവരങ്ങളാണ് പുറത്തുവിട്ടത്.

ഇക്കാലയാളവിൽ 221 പേരാണ് ഹൈക്കോടതി ജഡ്ജിമാരായി നിയമിക്കപ്പെട്ടത്. ജഡ്ജിമാരുടെ പേരും മതവിഭാഗവും സിറ്റിംഗ് അല്ലെങ്കിൽ വിരമിച്ച ജഡ്ജിമാരുമായുള്ള ബന്ധവും പുറത്തുവിട്ടു. സുപ്രീംകോടതി ഇതാദ്യമായാണ് ജഡ്ജിമാരുടെ നിയമന വിവരങ്ങൾ പുറത്തുവിടുന്നത്.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# കോൺഗ്രസിൽ വാക് പോര് കഴിഞ്ഞു; ഇനി പോസ്റ്റർ യുദ്ധം

കോട്ടയം: കെപിസിസി നേതൃത്വമാറ്റവുമായി ബന്ധപ്പെട്ട് കോൺഗ്രസിൽ ഉയർന്നുവരുന്ന പ്രശ്നങ്ങളിൽ യുഡിഎഫ് മുന്നണിയിൽ അതൃപ്തി. യുഡിഎഫിലെ പ്രധാന ഘടകകക്ഷിയായ മുസ്‌ലിംലീഗ് പ്രശ്നങ്ങൾ പരിഹരിക്കണമെന്ന് ആവശ്യപ്പെട്ട് കോൺഗ്രസിലെ ദേശീയ നേതൃത്വത്തെ സമീപിച്ചു.

മുസ്‌ലിം ലീഗ് അഖിലേന്ത്യാ ജനറൽ സെക്രട്ടറി പി.കെ. കുഞ്ഞാലിക്കുട്ടി പ്രതിപക്ഷ നേതാവ് വി.ഡി. സതീശനെ അതൃപ്തി അറിയിച്ചു കഴിഞ്ഞു. തദ്ദേശ സ്ഥാപന തെരഞ്ഞെടുപ്പ് അടുത്ത സാഹചര്യത്തിൽ കോൺഗ്രസിൽ ഉയർന്നുവരുന്ന പ്രശ്നങ്ങൾ യുഡിഎഫിനെ ബാധിക്കുമെന്നാണു മുന്നണികളുടെ വിലയിരുത്തൽ.

കോൺഗ്രസിലെ മുതിർന്ന നേതാക്കളുടെ പരസ്യ പ്രതികരണങ്ങൾക്കെതിരേ യൂത്ത് കോൺഗ്രസും രംഗത്തുവന്നിരുന്നു. നേതാക്കൾക്ക് പക്വതയില്ലെന്നായിരുന്നു യൂത്ത് കോൺഗ്രസിന്റെ ആരോപണം. കെ. സുധാകരനെ കെപിസിസി പ്രസിഡൻറ് സ്ഥാനത്തു നിന്ന് മാറ്റുന്നതുമായി ബന്ധപ്പെട്ടാണ് കോൺഗ്രസിലെ മുതിർന്ന നേതാക്കൾ പരസ്യപ്രതികരണവുമായി രംഗത്തുവന്നത്.

നേതൃമാറ്റവുമായി ബന്ധപ്പെട്ട് കെപിസിസി അധ്യക്ഷനായ കെ. സുധാകരൻ തന്നെയായിരുന്നു പരസ്യമായി കോൺഗ്രസ് നേതൃത്വത്തിനെതിരേ ആദ്യം രംഗത്തെത്തിയത്. പിന്നാലെ കെ. മുരളീധരനും രമേശ് ചെന്നിത്തലയും പ്രതികരണവുമായി രംഗത്തെത്തിയതോടെ കോൺഗ്രസിനുള്ളിലെ അതൃപ്തി പരസ്യമായി പുറത്തുവന്നു.

പാർട്ടി നേതൃത്വത്തിലേക്ക് ഹൈക്കമാൻഡ് ഒരാളെ തീരുമാനിക്കുന്പോൾ മറ്റുള്ളവർ അഭിപ്രായം പറയേണ്ട എന്നായിരുന്നു യൂത്ത് കോൺഗ്രസിന്റെ നിലപാട്. പുതുതായി കെപിസിസി പ്രസിഡൻറായി മാധ്യമങ്ങളിലൂടെ ചിലരുടെ പേരുവന്നപ്പോൾ കേരളത്തിലെ കോൺഗ്രസുകാർക്ക് ഫോട്ടോ കണ്ടാൽ ആളെ തിരിച്ചറിയാൻ കഴിയുന്ന വ്യക്തി ആകണമെന്നായിരുന്നു കെ. മുരളീധരന്റെ പ്രതികരണം.വ്യാപകമായി പോസ്റ്ററുകൾ

കോൺഗ്രസ് നേതാക്കളുടെ പരസ്യപ്രതികരണത്തിന് തിരശീല വീണെങ്കിലും പോസ്റ്റർ യുദ്ധം ആരംഭിച്ചിരിക്കുകയാണ്. കെപിസിസി പ്രസിഡൻറായി കെ. സുധാകരൻ തുടരണം എന്നാവശ്യപ്പെട്ട് കണ്ണൂർ നഗരത്തിലും കോട്ടയത്തും വ്യാപകമായി പോസ്റ്ററുകളും പ്രത്യക്ഷപ്പെട്ടു.

കെഎസ് തുടരണം എന്ന വാചകത്തോടെയായിരുന്നു കണ്ണൂരിലെ പോസ്റ്ററുകൾ. 'പ്രതിസന്ധികളെ ഊർജമാക്കിയ നേതാവ്, താരാട്ട് കേട്ട് വളർന്നവനല്ല' എന്നെല്ലാമാണ് പോസ്റ്ററുകളിലുള്ളത്. കോൺഗ്രസ് പടയാളികൾ എന്ന പേരിലാണ് ഫ്ളക്സ് സ്ഥാപിച്ചത്.

കോട്ടയത്ത് കെപിസിസി പ്രസിഡൻറായി കെ.സുധാകരൻ തുടരട്ടെയെന്ന പോസ്റ്റർ സ്ഥാപിച്ചത് ആൻറോ ആൻറണിയുടെ സ്വന്തം തട്ടകമായ പൂഞ്ഞാറിൽ. ആൻറോയുടെ വീടിന്റെ പരിസരത്തും പോസ്റ്റർ പ്രത്യക്ഷപ്പെട്ടു. ആൻറോ ആൻറണിയെ കെപിസിസി പ്രസിഡൻറ് ആക്കാനുള്ള നീക്കത്തിന് എതിരെയാണ് കോട്ടയത്ത് കെപിസിസി പ്രസിഡൻറ് കെ. സുധാകരനെ പിന്തുണച്ച് പോസ്റ്റർ പ്രത്യക്ഷപ്പെട്ടത്.

പാലാ മുതൽ ഈരാറ്റുപേട്ട വരെയുള്ള വിവിധ സ്ഥലങ്ങളിലാണ് കെ. സുധാകരനെ പിൻതുണച്ച് പോസ്റ്റർ എത്തിയത്. സേവ് കോൺഗ്രസ് രക്ഷാസമിതി പൂഞ്ഞാർ എന്ന പേരിലാണ് ജില്ലയിലെ പാലാ മുതൽ ഈരാറ്റുപേട്ട വരെയുള്ള സ്ഥലങ്ങളിൽ പോസ്റ്റർ പ്രത്യക്ഷപ്പെട്ടത്.

പിണറായിയെ താഴെയിറക്കി യുഡിഎഫ് അധികാരത്തിൽ വരാൻ നട്ടെല്ലുള്ള നായകൻ കെ. സുധാകരൻ എംപി കെപിസിസി പ്രസിഡൻറായി തുടരട്ടെയെന്നു പ്രഖ്യാപിച്ചാണ് പോസ്റ്റർ ഒട്ടിച്ചിരുന്നത്. കെ. സുധാകരൻ മാറുമെന്ന രീതിയിലുള്ള പ്രചാരണം ഉണ്ടായപ്പോൾ തന്നെ കടുത്ത പ്രതിഷേധം ഒരു വിഭാഗം കോൺഗ്രസ് പ്രവർത്തകരുടെ ഭാഗത്തുനിന്ന് ഉണ്ടായിരുന്നു.

ഇതാണ് ഇപ്പോൾ കൂടുതൽ ശക്തമായത്. ആൻറോയെ കെപിസിസി പ്രസിഡൻറായി പ്രഖ്യാപിച്ചാൽ പ്രതിഷേധം ശക്തമാക്കാനാണ് ഈ വിഭാഗത്തിന്റെ നീക്കം.

## അടുത്ത തെരഞ്ഞെടുപ്പിൽ കോഴിക്കോട്ടുനിന്ന് കോൺഗ്രസ് എംഎൽഎമാർ ഉണ്ടാകും: ഷാഫി പറമ്പിൽ

കോഴിക്കോട്: അടുത്ത തെരഞ്ഞെടുപ്പിൽ കോഴിക്കോട്ടുനിന്ന് കോൺഗ്രസ് എംഎൽഎമാർ ഉണ്ടാകുമെന്ന് പ്രതിപക്ഷ നേതാവ് വി.ഡി.സതീശന് ഉറപ്പ് നൽകുകയാണെന്ന് വടകര എംപി ഷാഫി പറമ്പിൽ. 2026-ലെ തെരഞ്ഞെടുപ്പിൽ എൽഡിഎഫിന് കേരള ജനത കൊടുക്കുന്ന തിരിച്ചടിയിൽ നിയമസഭയിലേക്ക് എത്തുന്നവരിൽ കോഴിക്കോട്ടെ കോൺഗ്രസ് എംഎൽഎമാരും ഉണ്ടാകുമെന്ന് ഷാഫി പറഞ്ഞു.

കോഴിക്കോട് മെഡിക്കൽ കോളജിൽനിന്ന് പുക ഉയർന്ന സംഭവത്തിൽ കോൺഗ്രസ് സംഘടിപ്പിച്ച പ്രതിഷേധ മാർച്ചിൽ സംസാരിക്കുകയായിരുന്നു ഷാഫി. ഇനി യുഡിഎഫിന് വോട്ട് ചെയ്യാൻ ബൂത്തിലെത്തുന്നവരുടെ പട്ടികയിൽ ഇടത് സ്വഭാവമുണ്ടെന്ന് അവകാശപ്പെടുന്ന സഖാക്കളും ഉണ്ടാകുമെന്നും ഷാഫി കൂട്ടിച്ചേർത്തു.

കുടുംബത്തോടുള്ള താത്പര്യത്തിന്റെ പത്തിലൊന്ന് പിണറായി വിജയൻ കേരളത്തോട് കാണിക്കണം. ചുരുങ്ങിയത് മോദിയോടുള്ള താത്പര്യത്തിന്റെ പത്തിലൊന്നെങ്കിലും സംസ്ഥാനത്തോട് ഉണ്ടാകണമെന്നും ഷാഫി വിമർശിച്ചു.

## പാലക്കാട്ട് എംഡിഎംഎയുമായി യുവാവ് പിടിയിൽ

പാലക്കാട്: എംഡിഎംഎയുമായി പാലക്കാട്ട് യുവാവ് പിടിയിൽ. കെഎസ്ആർടിസി ബസ് സ്റ്റാൻഡിന് സമീപത്ത് വച്ച് 900 ഗ്രാം എംഡിഎംഎയുമായി ഇരിഞ്ഞാലക്കുട സ്വദേശി ദീക്ഷിത് ആണ് പിടിയിലായത്.

ബംഗളൂരിൽ നിന്ന് ടൂറിസ്റ്റ് ബസിൽ കോയമ്പത്തൂരിൽ വന്നിറങ്ങി കെഎസ്ആർടിസിയിൽ തൃശൂരിലേക്ക് പോകവേയാണ് ദീക്ഷിതിനെ എക്സൈസ് സംഘം പിടികൂടിയത്. പ്ലാസ്റ്റിക് കവറുകളിൽ പൊതിഞ്ഞു സൂക്ഷിച്ചിരുന്ന എംഡിഎംഎയാണ് കണ്ടെടുത്തത്.

ബംഗളൂരുവിൽനിന്നും രണ്ട് ലക്ഷം രൂപയ്ക്കാണ് എംഡിഎംഎ വാങ്ങിയതെന്ന് ഇയാൾ മൊഴി നൽകി. ദീക്ഷിതിന്റെ വീട്ടിൽ നടത്തിയ പരിശോധനയിലും മയക്കു മരുന്നു കണ്ടെത്തിയിട്ടുണ്ട്.ഒരു കിലോയിൽ അധികം കഞ്ചാവും 10ഗ്രാം എംഡിഎംഎയും ഇയാളുടെ പുതുക്കാടുള്ള വീട്ടിൽനിന്ന് കണ്ടെടുത്തു. ദീക്ഷിത് മയക്കുമരുന്ന് മൊത്ത വ്യാപാരിയാണെന്ന് എക്സൈസ് വ്യക്തമാക്കി.

## എൽസ്റ്റൺ എസ്റ്റേറ്റിലെ ഫാക്ടറിയും കെട്ടിടങ്ങളും സർക്കാർ ഏറ്റെടുത്തു

വയനാട്: മുണ്ടക്കൈ-ചൂരൽമല അതിജീവിതരുടെ പുനരധിവാസത്തിനു ടൗൺഷിപ്പ് നിർമിക്കാൻ സർക്കാർ ഏറ്റെടുത്ത എൽസ്റ്റൺ എസ്റ്റേറ്റിലെ ഫാക്ടറിയും കെട്ടിടങ്ങളും സർക്കാർ ഏറ്റെടുത്തു. പൂട്ടികിടന്ന ഫാക്ടറിയുടെ പൂട്ട് തകർത്താണ് ഉദ്യോഗസ്ഥർ ഫാക്ടറി ഏറ്റെടുത്തത്.

അതേസമയം ജീവനക്കാർ താമസിക്കുന്ന ക്വാർട്ടേഴ്സുകൾ ഒഴിപ്പിക്കേണ്ടെന്ന് നേരത്തെ കളക്ടറുടെ ഉത്തരവുണ്ടായിരുന്നു. ഏഴ് ദിവസത്തിനകം ജീവനക്കാരോട് ഒഴിയാൻ ആവശ്യപ്പെട്ടത് പ്രതിഷേധത്തിന് കാരണമായിരുന്നു. പിന്നാലെയാണ് ആൾ താമസമുള്ള ക്വാർട്ടേഴ്സുകൾ ഒഴിയേണ്ടെന്ന തീരുമാനമുണ്ടായത്.

ശമ്പള കുടിശികയും ആനുകൂല്യങ്ങളും ആവശ്യപ്പെട്ട് എസ്റ്റേറ്റിൽ തൊഴിലാളികളുടെ പ്രതിഷേധത്തിനിടെയാണ് ക്വാർട്ടേഴ്സ് ഒഴിയണമെന്ന് ആവശ്യപ്പെട്ട് ഉദ്യോഗസ്ഥർക്ക് തഹസിൽദാർ നേരത്തെ നോട്ടീസ് നൽകിയത്.

എൽസ്റ്റൺ എസ്റ്റേറ്റിന്റെ 64.47 ഹെക്ടറിലാണ് പുതിയ ടൗൺഷിപ്പ് വരുന്നത്. എസ്റ്റേറ്റ് ഭൂമിക്ക് സർക്കാർ നിശ്ചയിച്ച വില വളരെ കുറവാണെന്നാണ് ഉടമകളുടെ വാദം.

## ആനപ്പന്തി സഹകരണ ബാങ്ക് തട്ടിപ്പ് കേസ്; ബാങ്ക് ജീവനക്കാരൻ പിടിയിൽ

കണ്ണൂർ: സിപിഎം നിയന്ത്രണത്തിലുള്ള കണ്ണൂരിലെ ആനപ്പന്തി സർവീസ് സഹകരണ ബാങ്കിൽനിന്നും അറുപത് ലക്ഷത്തോളം രൂപയുടെ പണയ സ്വർണം തട്ടിയെടുത്ത കേസിൽ ബാങ്ക് ജീവനക്കാരൻ സുധീർ തോമസ് പിടിയിൽ.മൈസൂരുവിൽനിന്ന് ഇരിട്ടി പോലീസാണ് സുധീർ തോമസിനെ കസ്റ്റഡിയിലെടുത്തത്. ബാങ്കിലെ താത്കാലിക ജീവനക്കാരനും സിപിഎം മുൻ ബ്രാഞ്ച് സെക്രട്ടറിയുമായ സുധീർ തോമസും കച്ചേരിക്കടവ് സ്വദേശിയും കോൺഗ്രസ് വാർഡ് പ്രസിഡൻറുമായ സുനീഷ് തോമസും ചേർന്നാണ് തട്ടിപ്പ് നടത്തിയതെന്നാണ് കണ്ടെത്തൽ.

കേസിൽ നേരത്തെ സുനീഷ് തോമസിനെ പോലീസ് പിടികൂടിയിരുന്നു. സുനീഷ് സ്വകാര്യ പണമിടപാട് സ്ഥാപനത്തിന്റെ ഉടമയാണ്. 18 പാക്കറ്റ് പണയസ്വർണം തട്ടിയെടുത്ത ശേഷം മുക്കുപണ്ടം പകരം വയ്ക്കുകയായിരുന്നു.കവർന്ന പതിനെട്ടിൽ പതിനാറ് പാക്കറ്റും സുനീഷിന്റെ ബന്ധുക്കളുടേതും സുഹൃത്തുക്കളുടേതുമാണ്. മറ്റൊരാളുടെ സ്വർണം തട്ടിയെടുത്തതോടെയാണ് പിടിവീണത്. സാമ്പത്തിക ബാധ്യതകൾ തീർക്കാനാണ് സ്വർണം കവർന്നതെന്നാണ് മൊഴി.

## ബാങ്കിലെ നിയമനക്കോഴ; ഐ.സി. ബാലകൃഷ്ണനെതിരെ കേസെടുക്കാമെന്ന് വിജിലൻസ്

വയനാട്: സുൽത്താൻ ബത്തേരി സഹകരണ ബാങ്കിലെ നിയമനക്കോഴയിൽ ഐ.സി. ബാലകൃഷ്ണൻ എംഎൽഎയ്ക്കെതിരെ കേസെടുത്ത് തുടർനടപടി സ്വീകരിക്കണമെന്ന് വിജിലൻസ് അന്വേഷണ റിപ്പോർട്ട്.

മൂന്നു മാസത്തെ അന്വേഷണത്തിനൊടുവിൽ അന്വേഷണ ഉദ്യോഗസ്ഥൻ ഷാജി വർഗീസ് വിജിലൻസ് ഡയറക്ടർ യോഗേഷ് ഗുപ്തയ്ക്ക് റിപ്പോർട്ട് കൈമാറി. ബത്തേരി സഹകരണ ബാങ്കിൽ നിയമനം നൽകാമെന്നേറ്റ് ലക്ഷങ്ങൾ വാങ്ങി വഞ്ചിച്ചുവെന്നായിരുന്നു ബാലകൃഷ്ണനെതിരായ പരാതികൾ.

വയനാട് ഡിസിസി ട്രഷറർ എൻ.എം. വിജയന്റെ ആത്മഹ്യയ്ക്ക് ഇടയാക്കിയതും ബാങ്കിലെ അഴിമതിയായിരുന്നു. ബത്തേരി അർബൻ ബാങ്കിൽ നിയമനത്തിനായി ബാലകൃഷ്ണൻ ശിപാർശ നൽകിയതിന്റെ തെളിവുകൾ പുറത്തുവന്നിരുന്നു.

## സുഹൃത്തിനെയും അമ്മയെയും വീട്ടിൽ കയറി കുത്തി; യുവാവ് അറസ്റ്റിൽ

പാലക്കാട്: സുഹൃത്തിനെയും അമ്മയെയും വീട്ടിൽ കയറി കുത്തിപ്പരിക്കേൽപ്പിച്ച കേസിൽ യുവാവ് അറസ്റ്റിൽ. യുവമോർച്ച പ്രവർത്തകനായ രാഹുലാണ് പിടിയിലായത്. തേങ്കുറുശി വാണിയംപറമ്പ് സുജ(50), മകൻ അനുജിൽ(29) എന്നിവർക്കാണ് കുത്തേറ്റത്.തിങ്കളാഴ്ച രാത്രിയോടെ രാഹുലും സുഹൃത്തായ അജുവും അനുജിലിന്റെ വീട്ടിൽ കയറി അനുജിലിനെയും അമ്മയെയും കുത്തുകയായിരുന്നു.

വ്യക്തി വൈരാഗ്യമാണെന്നാണ് ആക്രമണത്തിനു കാരണമെന്നാണ് പോലീസിന്റെ പ്രാഥമിക നിഗമനം. എന്നാൽ ബിജെപിയിലെ ചേരിപ്പോരും വാക്കുതർക്കവുമാണ് ആക്രമണത്തിന് കാരണമെന്നും സൂചനകളുണ്ട്.രാഹുലിനെതിരെ വധശ്രമത്തിന് പോലീസ് കേസെടുത്തു. യുവമോർച്ച ബിജെപി മുൻ മണ്ഡലം ഭാരവാഹി കൂടിയാണ് രാഹുൽ. രാഹുലിനോടോപ്പമുള്ള കൂട്ടുപ്രതി അജുവിനായി പോലീസ് തെരച്ചിൽ ഊർജ്ജിതമാക്കിയിട്ടുണ്ട്.

# സിവിൽ ഡിഫൻസ് മോക്ക് ഡ്രിൽ നടത്തും

കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ നിർദ്ദേശപ്രകാരം മെയ് 7ന് 14 ജില്ലകളിലും സിവിൽ ഡിഫൻസ് മോക്ക് ഡ്രിൽ നടത്തും. വൈകുന്നേരം 4 മണിക്കാണ് മോക്ക് ഡ്രിൽ ആരംഭിക്കുന്നത്. മോക്ക് ഡ്രില്ലിന്റെ ഭാഗമായി സിവിൽ ഡിഫൻസ് തയ്യാറെടുപ്പിന്റെ വിവിധ വശങ്ങൾ വിലയിരുത്തും. മോക്ക് ഡ്രില്ലിന്റെ ശരിയായ നടത്തിപ്പ് ഉറപ്പാക്കാൻ എല്ലാ ജില്ലാ കളക്ടർമാർക്കും മറ്റ് ഉദ്യോഗസ്ഥർക്കും ചീഫ് സെക്രട്ടറി ഡോ. എ. ജയതിലക് നിർദ്ദേശം നൽകി. പൊതുജനങ്ങളും എല്ലാ സ്ഥാപനങ്ങളും സംഘടനകളും മോക്ക് ഡ്രില്ലുമായി സഹകരിക്കണമെന്നും, ജാഗ്രത പാലിക്കണമെന്നും ആശങ്കപ്പെടേണ്ടതില്ലെന്നും ചീഫ് സെക്രട്ടറി അറിയിച്ചു.

സിവിൽ ഡിഫൻസ് മോക്ക് ഡ്രിലിന്റെ മുന്നൊരുക്കങ്ങൾ സംബന്ധിച്ച് ഇന്ന് ചീഫ് സെക്രട്ടറി വിളിച്ചുചേർത്ത യോഗത്തിൽ ആഭ്യന്തര, റവന്യൂ, ആരോഗ്യ കുടുംബക്ഷേമ അഡീഷണൽ ചീഫ് സെക്രട്ടറിമാർ, സംസ്ഥാന പോലീസ് മേധാവി, ഫയർ ആൻഡ് റെസ്ക്യൂ സർവീസസ് ഡയറക്ടർ ജനറൽ, ദുരന്തനിവാരണ സ്പെഷ്യൽ സെക്രട്ടറിയും കമ്മീഷണറും, ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് ഡയറക്ടർ, ജില്ലാ കളക്ടർമാർ, കേരള സംസ്ഥാന ദുരന്തനിവാരണ മെമ്പർ സെക്രട്ടറി എന്നിവർ പങ്കെടുത്തു.

സിവിൽ ഡിഫൻസ് മോക്ക് ഡ്രില്ലുമായി ബന്ധപ്പെട്ട് താഴെ പറയുന്ന നിർദ്ദേശങ്ങൾ പാലിക്കണം.

കമ്മ്യൂണിറ്റി തല ഇടപെടലുകൾ

1. റസിഡന്റ്സ് അസോസിയേഷനുകളും പഞ്ചായത്തുകളും (വാർഡ് തലത്തിൽ) മോക്ക് ഡ്രിൽ വാർഡന്മാരെ നിയോഗിക്കുക.
2. എല്ലാ പ്രദേശവാസികൾക്കും സിവിൽ ഡിഫൻസ് ബ്ലാക്ക്ഔട്ട് നിർദ്ദേശങ്ങൾ എത്തിക്കുക.
3. ആവശ്യമെങ്കിൽ ആരാധനാലയങ്ങളിലെ അനൗൺസ്മെന്റ് സംവിധാനങ്ങൾ ഉപയോഗിച്ച് പൊതുജനങ്ങളെ അലർട്ട് ചെയ്യുക.
4. വാർഡുതല ഡ്രില്ലുകൾ സംഘടിപ്പിക്കുക.
5. സ്കൂളുകളിലും, ബേസ്മെന്റുകളിലും, കമ്മ്യൂണിറ്റി ഹാളുകളിലും മറ്റ് പ്രധാന ഇടങ്ങളിലും പ്രഥമശുശ്രൂഷ കിറ്റുകൾ തയ്യാറാക്കുക.
6. കമ്മ്യൂണിറ്റി വോളന്റിയർമാർ സഹായം ആവശ്യമുള്ള ആളുകളെ ബ്ലാക്ക്ഔട്ട് സമയത്ത് സഹായിക്കുക. ബ്ലാക്ക്ഔട്ട് സമയത്ത് മോക്ക് ഡ്രിൽ വാർഡന്മാരുടെ നിർദ്ദേശങ്ങൾ അനുസരിക്കുക. കെട്ടിടങ്ങൾക്കുള്ളിൽ തന്നെ ഇരിക്കുക. ആശങ്ക ഒഴിവാക്കുക.

ഗാർഹികതല ഇടപെടലുകൾ

7. മോക്ക് ഡ്രിൽ സമയത്തു എല്ലാ ലൈറ്റുകളും ഓഫ് ആക്കേണ്ടതും, അടിയന്തര ഘട്ടത്തിൽ വെളിച്ചം ഉപയോഗിക്കേണ്ട സാഹചര്യത്തിൽ വീടുകളിൽ നിന്ന് വെളിച്ചം പുറത്തു പോകാതിരിക്കാൻ ജനാലകളിൽ കട്ടിയുള്ള കാർഡ് ബോർഡുകളോ കർട്ടനുകളോ ഉപയോഗിക്കേണ്ടതുമാണ്.
8. ജനാലകളുടെ സമീപം മൊബൈൽ ഫോണുകളോ പ്രകാശം പുറപ്പെടുവിക്കുന്ന ഉപകരണങ്ങളോ ഉപയോഗിക്കുന്നത് ഒഴിവാക്കുക.
9. ബാറ്ററി/സോളാർ ടോർച്ചുകൾ, ഗ്ലോ സ്റ്റിക്കുകൾ, റേഡിയോ എന്നിവ കരുതുക.
10. 2025 മെയ് 7, 4 മണിക്ക് സൈറൻ മുഴങ്ങുമ്പോൾ എല്ലായിടങ്ങളിലെയും (വീടുകൾ, ഓഫീസുകൾ, മറ്റു സ്ഥാപനങ്ങൾ ഉൾപ്പെടെ) അകത്തെയും, പുറത്തെയും ലൈറ്റുകൾ ഓഫ് ചെയ്യേണ്ടതാണ്.
11. എല്ലാ വീടുകളിലും പ്രഥമശുശ്രൂഷ കിറ്റുകൾ തയ്യാറാക്കുക. ഇതിൽ മരുന്നുകൾ, ടോർച്ച്, വെള്ളം, ഡ്രൈ ഫുഡ് എന്നിവ ഉൾപ്പെടുത്തുക.
12. വീടിനുളിലെ ഏറ്റവും സുരക്ഷിതമായ സ്ഥലം കണ്ടെത്തുക. ബ്ലാക്ക് ഔട്ട് സമയത്തു അവിടേക്കു മാറുക.
13. എല്ലാ കുടുംബങ്ങളും കുടുംബാംഗങ്ങൾ ഒരുമിച്ചു "ഫാമിലി ഡ്രിൽ" നടത്തുക.
14. സൈറൻ സിഗ്നലുകൾ മനസ്സിലാക്കുക. ദീർഘമായ സൈറൻ മുന്നറിയിപ്പും, ചെറിയ സൈറൻ സുരക്ഷിതമാണെന്ന അറിയിപ്പുമാണ്.
15. പൊതുസ്ഥലങ്ങളിൽ നിൽക്കുന്നവർ സുരക്ഷിതത്വത്തിനായി അടുത്തുള്ള കെട്ടിടങ്ങൾക്കുള്ളിലേക്ക് മാറേണ്ടതാണ്.
16. ഔദ്യോഗിക വിവരങ്ങൾ മനസ്സിലാക്കുന്നതിനായി റേഡിയോ/ടി.വി ഉപയോഗിക്കുക.
17. തീപിടുത്തം ഒഴിവാക്കാൻ ബ്ലാക്ക് ഔട്ട് സൈറൺ കേൾക്കുമ്പോൾ തന്നെ ഗ്യാസ്/വൈദ്യുത ഉപകരണങ്ങൾ ഓഫ് ചെയ്യുക.
18. ബ്ലാക്ക് ഔട്ട് സമയത്ത് കുട്ടികളുടെയും വളർത്തുമൃഗങ്ങളുടെയും സുരക്ഷ ഉറപ്പാക്കുക.

## എംഡിഎംഎയുമായി കോഴിക്കോട്ട് യുവതികൾ ഉൾപ്പെടെ നാലുപേർ പിടിയിൽ

കോഴിക്കോട്: നഗരത്തിൽ 27 ഗ്രാം എംഡിഎംഎയുമായി യുവതികൾ ഉൾപ്പെടെ നാലുപേർ പിടിയിൽ. ബീച്ച് റോഡിൽ ആകാശവാണിക്ക് സമീപത്ത് വച്ചാണ് കാറിൽ കടത്തുകയായിരുന്ന എംഡിഎംഎയുമായി സംഘം പിടിയിലായത്. കണ്ണൂർ എളയാവൂർ സ്വദേശി അമർ, കതിരൂർ സ്വദേശിനി ആതിര, പയ്യന്നൂർ സ്വദേശിനി വൈഷ്ണവി, കോഴിക്കോട് കുറ്റ്യാടി സ്വദേശി വാഹിദ് എന്നിവരാണ് അറസ്റ്റിലായത്.

## അനധികൃത സ്വത്ത് സന്പാദനക്കേസ്: എം.ആർ. അജിത് കുമാറിനെതിരേയുള്ള ഹർജി ഇന്നു വീണ്ടും പരിഗണിക്കും

തിരുവനന്തപുരം: അനധികൃത സ്വത്ത് സന്പാദനക്കേസിൽ എഡിജിപി എം.ആർ. അജിത് കുമാറിനെതിരേ വിജിലൻസ് കേസെടുക്കണമെന്ന പരാതി കോടതി ഇന്നു വീണ്ടും പരിഗണിക്കും. ക്രമസമാധാന ചുമതലയിലിരിക്കെ കുറവൻകോണത്തെ ഫ്ളാറ്റ് വിൽപ്പനയുൾപ്പെടെയുള്ള ഇടപാടുകളിൽ കേസെടുത്ത് അന്വേഷണം നടത്തണമെന്നാവശ്യപ്പെട്ട് നെയ്യാറ്റിൻകര സ്വദേശി അഡ്വ. പി. നാഗരാജുവാണ് കോടതിയിൽ പരാതി നൽകിയത്.

സർക്കാർ ഉദ്യോഗസ്ഥർ വസ്തുവകകൾ വാങ്ങുന്പോൾ ഗവൺമെൻറിൽ നിന്നു മുൻകൂർ അനുമതി വാങ്ങണമെന്ന ചട്ടം ഉൾപ്പെടെയുള്ള കാര്യങ്ങളിൽ അജിത് കുമാർ വീഴ്ച വരുത്തിയെന്നാണ് ഹർജിക്കാരന്റെ പരാതി. കുറഞ്ഞ വിലയ്ക്ക് വാങ്ങിയ ഫ്ളാറ്റ് കൂടിയ വിലയ്ക്ക് മറിച്ച് വിറ്റുവെന്നും ചട്ടലംഘനമാണെന്നുമാണ് ഹർജിക്കാരൻ ആരോപിച്ചത്.

ഇതേക്കുറിച്ച് വിജിലൻസിനെ കൊണ്ട് കേസെടുപ്പിച്ച് അന്വേഷണം നടത്തണമെന്നാവശ്യപ്പെട്ടായിരുന്നു ഹർജി നൽകിയത്. ജനുവരിയിൽ ഹർജി കോടതി പരിഗണിക്കുകയും വിജിലൻസിന്റെ ഭാഗം കേട്ടിരുന്നു. രണ്ട് മാസത്തെ സാവകാശം വേണമെന്നും അന്വേഷണം പുരോഗമിക്കുകയാണെന്നുമായിരുന്നു വിജിലൻസ് ലീഗൽ അഡ്വൈസർ തിരുവനന്തപുരം സ്പെഷൽ വിജിലൻസ് കോടതിയെ ധരിപ്പിച്ചത്.

## നന്തൻകോട് കൂട്ടക്കൊലക്കേസ്; വിധി പറയുന്നത് വ്യാഴാഴ്ചത്തേക്ക് മാറ്റി

തിരുവനന്തപുരം: നന്തൻകോട് കൂട്ടക്കൊലക്കേസിലെ വിധി പറയുന്നത് വ്യാഴാഴ്ചത്തേക്ക് മാറ്റി. തിരുവനന്തപുരം ആറാം അഡീഷണൽ സെഷൻസ് കോടതിയാണ് കേസിൽ വാദം കേട്ടത്.കേദൽ ജിൻസൺ രാജയാണ് കേസിലെ ഏക പ്രതി. ഇയാളുടെ മാതാപിതാക്കളെയും സഹോദരിയെയും ബന്ധുവിനെയും വീട്ടിൽവച്ച് കൊലപ്പെടുത്തിയെന്നാണ് കേസ്. ഡോ. ജീൻ പദ്മ, ഭർത്താവ് റിട്ട. പ്രഫ.രാജ തങ്കം, മകൾ കരോളിൻ, ഡോക്ടറുടെ ബന്ധു ലളിത എന്നിങ്ങനെ നാലു പേരാണ് കൊല്ലപ്പെട്ടത്.അച്ഛനോടും കുടുംബാംഗങ്ങളോടുമുള്ള അടങ്ങാത്ത പകയാണ് കൊലപാതക കാരണമെന്നാണ് പോലീസ് റിപ്പോർട്ടിൽ പറയുന്നത്. പ്രതിക്ക് യാതൊരു തരത്തിലുള്ള മാനസിക പ്രശ്നങ്ങളുമില്ലെന്ന് സംഘം റിപ്പോർട്ട് നൽകിയതോടെയാണ് വിചാരണ ആരംഭിച്ചത്.

ശരീരത്തിൽ നിന്ന് ആത്മാവിനെ മോചിപ്പിക്കുന്ന ആസ്ട്രൽ പ്രൊജക്ഷന്റെ പരീക്ഷണമാണ് കൊലയെന്നാണ് പ്രതി മൊഴി നൽകിയിരുന്നത്. എന്നാൽ കുടുംബക്കാരോടുള്ള പകയാണ് കൊലയുടെ കാരണമെന്നാണ് പോലീസിന്റെ കുറ്റപത്രവും പ്രോസിക്യൂഷന്റെ വാദവും.2017 ഏപ്രിൽ അഞ്ചിനായിരുന്നു നാടിനെ നടുക്കിയ സംഭവം അരങ്ങേറിയത്. സംഭവത്തിനുശേഷം ചെന്നൈയിലേക്ക് രക്ഷപ്പെട്ട പ്രതി തിരികെ തിരുവനന്തപുരത്ത് എത്തിയപ്പോഴാണ് പിടിയിലായത്.

## സമൂഹമാധ്യമത്തിലൂടെ നടിമാർക്കെതിരേ അധിക്ഷേപം: സന്തോഷ് വർക്കിക്ക് ജാമ്യം

കൊച്ചി: സമൂഹ മാധ്യമത്തിലൂടെ നടിമാരെ ആക്ഷേപിച്ചെന്ന കേസിൽ യൂട്യൂബർ സന്തോഷ് വർക്കിക്ക് ഹൈക്കോടതി ജാമ്യം അനുവദിച്ചു. എറണാകുളം നോർത്ത് പോലീസ് അറസ്റ്റ് ചെയ്ത സന്തോഷ് വർക്കി കഴിഞ്ഞ 11 ദിവസമായി ജുഡീഷൽ കസ്റ്റഡിയിലായിരുന്നു.

നടിമാർക്കെതിരെ അശ്ലീല പരാമർശം നടത്തിയെന്ന് ആരോപിച്ച് ചലച്ചിത്ര പ്രവർത്തകരായ നടി ഉഷ ഹസീന, ഭാഗ്യലക്ഷ്മി, കുക്കു പരമേശ്വർ എന്നിവർ സന്തോഷിനെതിരേ പരാതി നൽകിയിരുന്നു.

ഇയാളുടെ പരാമർശങ്ങൾ സ്ത്രീത്വത്തെ അപമാനിക്കുന്നതാണെന്നും 40 വർഷമായി സിനിമ മേഖലയിൽ പ്രവർത്തിക്കുന്ന തന്നെ അതു വേദനിപ്പിച്ചെന്നും കർശന നടപടി സ്വീകരിക്കണമെന്നും ഉഷ ഹസീന ആലപ്പുഴ ഡിവൈഎസ്പിക്ക് നൽകിയ പരാതിയിൽ ആവശ്യപ്പെട്ടിരുന്നു.

## ഡെപ്യൂട്ടേഷൻ

കേരള സർക്കാരിനു കീഴിലുള്ള സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സ്ഥാപനമായ എസ്.സി.ഇ.ആർ.ടി കേരളയിലേക്ക് മലയാളം, എഡ്യുക്കേഷൻ ടെക്നോളജി വിഷയങ്ങളിൽ അസിസ്റ്റന്റ് പ്രൊഫസർ/റിസർച്ച് ഓഫീസർ ഒഴിവിലേക്ക് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കുന്നതിനായി സർക്കാർ സ്കൂളുകൾ, സർക്കാർ അദ്ധ്യാപക പരിശീലന കേന്ദ്രങ്ങൾ, സർക്കാർ കോളേജുകൾ, സർക്കാർ ട്രെയിനിംഗ് കോളേജുകൾ, യൂണിവേഴ്സിറ്റികൾ എന്നിവയിൽ ജോലി ചെയ്യുന്ന ഫുൾടൈം അദ്ധ്യാപകരിൽ നിന്നും നിശ്ചിത മാതൃകയിൽ അപേക്ഷ ക്ഷണിച്ചു. അപേക്ഷകൾ വകുപ്പു മേലധികാരികളുടെ നിരാക്ഷേപ പത്രം സഹിതം മേയ് 12 ന് മുൻപായി ഡയറക്ടർ, എസ്.സി.ഇ.ആർ.ടി., വിദ്യാഭവൻ, പൂജപ്പുര, തിരുവനന്തപുരം-12 വിലാസത്തിൽ ലഭിക്കണം. അപേക്ഷകരുമായി അഭിമുഖം നടത്തിയായിരിക്കും നിയമനത്തിനായുള്ളവരെ തെരഞ്ഞെടുക്കുന്നത്. വിശദവിവരങ്ങൾക്ക്: www.scert.kerala.gov.in .

## വിവിധ തസ്തികകളിൽ അഭിമുഖം

തിരുവനന്തപുരം ജില്ലാ എംപ്ലോയ്മെന്റ് എക്സ് ചേഞ്ചിനു കീഴിലുള്ള എംപ്ലോയബിലിറ്റി സെന്ററിൽ വിവിധ തസ്തികകളിൽ മേയ് 9 ന് രാവിലെ 10 മണിക്ക് അഭിമുഖം നടക്കും.

ഇൻഡസ്ട്രിയൽ റിലേഷൻസ്, കസ്റ്റമർ സർവീസ് സൂപ്പർവൈസർ, ടേൺ എറൗണ്ട് കോഓർഡിനേറ്റർ, ലോഡ് കൺട്രോൾ ഏജന്റ്, ലോഡ് കൺട്രോൾ സീനിയർ ഏജന്റ്, സെയിൽസ് മാനേജർ, ഏജൻസി ഡെവലപ്മെന്റ് മാനേജർ, ഏജൻസി ലീഡർ മാനേജർ, ഏജൻസി ലീഡർ തസ്തകകളിലാണ് നിയമനം. എംപ്ലോയബിലിറ്റി സെന്ററിൽ രജിസ്റ്റർ ചെയ്ത് അഭിമുഖത്തിൽ പങ്കെടുക്കാം. ഫോൺ: 0471-2992609, 8921916220.

## ന്യൂസ് ലെറ്റർ പ്രകാശനം ചെയ്തു

'വോട്ട്' ന്യൂസ് ലെറ്ററിന്റെ ഓൺലൈൻ പ്രകാശനം മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർ ഡോ. രത്തൻ യു കേൽക്കർ നിർവഹിച്ചു. തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് വോട്ടർമാർ അറിയേണ്ടതായ വിവരങ്ങൾ, തെരഞ്ഞെടുപ്പ് ബോധവൽക്കരണ പ്രവർത്തനങ്ങൾ, ഉദ്യോഗസ്ഥരുടെ സേവനങ്ങൾ തുടങ്ങിയവ ഉൾപ്പെടുത്തി പൊതുജനങ്ങളുടെ അറിവിലേക്കായി എല്ലാമാസവും 'വോട്ട്' ന്യൂസ് ലെറ്റർ ഓൺലൈനായി പ്രസിദ്ധീകരിക്കുമെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ അറിയിച്ചു.